

സൗഹൃദ സംവാദം

# കാമ്പസ് ഹോസ്റ്റലുകളിലൂടെ................


തയ്യാറാക്കിയത്:
**ഹാഷിം പി.കെ,**
രണ്ടാം വർഷ കെമിസ്ട്രി
**ഖദീജ ജസീറ**
ഒന്നാം വർഷ ഇക്കണോമിക്സ്


**ആസാദ് ഹോസ്റ്റൽ:**

വിഷയം: *എന്റെ യാത്രകൾ*

"ചരിത്രാതീത കാലം മുതലേ മനുഷ്യൻ സഞ്ചാരപ്രിയനാണ്." പതിവ് സ്റ്റൈലിൽ റഊസ് സംസാരിച്ചുതുടങ്ങി. "യാത്ര ചെയ്യുന്നതാണ് ജീവിതത്തിലെ ഏറ്റവും രസകരമായ കാര്യം എന്ന് നെഹ്റു തന്നെ പറഞ്ഞിട്ടുണ്ടല്ലോ." യാത്രകൾ സ്വാതന്ത്ര്യത്തിന്റെ ശരിയായ പ്രഖ്യാപനമാണ് എന്നാണ് പ്രശാന്തിന്റെ അഭിപ്രായം. "യാത്രകൾ നമ്മെ മറ്റൊരനുഭൂതിയിലേക്ക് നയിക്കുന്നു. ഉത്തരവാദിത്തങ്ങളോ കടമകളോ ഇല്ലാതെ യാത്ര ചെയ്തു ജീവിക്കുന്നത് രസകരമാണ്."-നൗജസിന്റെ വാക്കുകളാണിത്. "ഒരു പക്ഷെ അതുകൊണ്ടാവാം ഹവുകൾ വീട്ടി ഹജ്ജിനു പോകാൻ പടച്ചവൻ പറഞ്ഞത്." "അതേയതെ, മതങ്ങൾ യാത്രകളെ നന്നായി പ്രോത്സാഹിപ്പിക്കുന്നു."- രവീഷ് പറഞ്ഞു. അനീസിനും ഇതേ അഭിപ്രായമാണ്.



യാത്ര ഒറ്റക്കാണ് ഏറെ രസകരമെന്ന് പ്രശാന്ത് പറഞ്ഞപ്പോൾ റാഫി ആ അഭിപ്രായം തെറ്റാണെന്ന് എതിർത്തു. "യാത്ര ഇഷ്ടപ്പെട്ടവർക്കൊപ്പം ആയിരിക്കണം എന്നാലേ ഒരു രസമുള്ളൂ." യാത്രയുടെ അനുഭൂതി ഏറെ അനുഭവപ്പെടുക ഒറ്റക്ക് പോകുമ്പോഴാണോ കൂട്ടത്തിൽ പോകുമ്പോഴാണോ എന്നത് ഏറെനേരം ചർച്ചചെയ്യപ്പെട്ടു. ചിന്തകരും എഴുത്തുകാരും ഒറ്റക്ക് യാത്ര ചെയ്താൽ മാത്രമേ അവർക്കുവേണ്ടത് കിട്ടൂ എന്ന് അജ്സൽ അഭിപ്രായപ്പെട്ടു. റജിൻ പറഞ്ഞത് ഇങ്ങനെയാണ്: "അടിച്ചുപൊളിച്ചു പോകണമെങ്കിൽ കമ്പനിവേണം. കമ്പനി ഉണ്ടെങ്കിൽ യാത്രയിലുണ്ടാകുന്ന പ്രശ്നങ്ങൾ ഇല്ലാതാക്കാൻ കഴിഞ്ഞേക്കാം." ഈ അഭിപ്രായത്തോട് അഷ്റഫ് യോജിക്കുന്നില്ല "വീട്ടുകാരോടൊത്ത് യാത്ര പോകുന്നതിലും നല്ലത് പോകാതിരിക്കലാണ്. അവരുടെ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും കേട്ടുള്ള യാത്ര (അവരുടെയെന്നല്ല ആരുടെയും) വിരസമാണ്."

ഏറ്റവും സ്വതന്ത്രമായ യാത്ര മരണമാണെന്ന് റഈസ് പറഞ്ഞപ്പോൾ സഹപാഠിയായ അനീസും അത് ശരിയാണെന്ന് സമ്മതിച്ചു. എമിലി ഡിക്കൻസ് പറഞ്ഞ പോലെ മരണത്തിലേക്കുള്ള യാത്രയിലാണ് നാമെന്ന് അനീസ് വിശദീകരിച്ചു. മനുഷ്യനെ പാടെ സംസ്കരിച്ചെടുക്കാൻ യാത്രകൾ കൊണ്ട് കഴിയുമെന്നാണ് അൽത്താഫിന്റെ അഭിപ്രായം. "ജറൂസലമിലേക്ക് ക്രിസ്ത്യാനികളും, മക്കയിലേക്കും മദീനയിലേക്കും മുസ്‌ലിംകളും, കാശിയിലേക്ക് ഹിന്ദുക്കളും പോകുന്നത് യാത്രയുടെ അനിവാര്യത മതങ്ങളിലുമുണ്ട് എന്ന വ്യക്തമാക്കുന്നു." ദൈവത്തിലേക്കുള്ള യാത്രയാണ് ഏറ്റവും ആനന്ദകരമെന്ന് നൗജസ് പറഞ്ഞപ്പോൾ സന്ദീപ് ഇടപെട്ടു. "നൗജി പറഞ്ഞത് സത്യമാകാം. പക്ഷെ, ദൈവത്തിലേക്കുള്ള യാത്ര ഞാൻ അറിഞ്ഞിട്ടില്ല. ഇപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും ആനന്ദകരമായ യാത്ര ഹോസ്റ്റലിൽ നിന്നും വീട്ടിലേക്ക് പോകുന്നതാണ്. എന്നാൽ ഇതിനേക്കാൾ കൂടുതൽ സന്തോഷം കിട്ടുക ജയിലിലടക്കപ്പെട്ടവൻ പുറത്തുവരുമ്പോഴായിരിക്കും." **ഈ അഭിപ്രായത്തെ ശിബിലി വിലയിരുത്തിയത് ഇങ്ങനെയാണ്, "വിരസവും അപ്രിയവുമായ ഒരു ചട്ടക്കൂട്ടിൽ നിന്ന് പുറത്തുകടക്കുന്നവനായിരിക്കും ഏറ്റവും സന്തോഷകരവും സംതൃപ്തകരവുമായ യാത്രയുടെ സുഖം അനുഭവിക്കുന്നത്."** യാത്രയുടെ ഗുണം ഒരുപാട് പുതിയ അറിവുകളും ബന്ധങ്ങളും നമുക്ക് ലഭിക്കുമെന്നതാണെന്ന് ഫാരിസ് പറയുന്നു. ഫാരിസിന്റെ വീക്ഷണത്തിൽ മനുഷ്യസഹജമായ സഞ്ചരിക്കാനുള്ള വാസന നിമിത്തം ഉണ്ടാകുന്ന സവിശേഷമായ കാര്യം പ്രായോഗിക ജ്ഞാനമാണ്. കമറുദ്ദീനും ഇതേ അഭിപ്രായമാണുള്ളത്, "ചരിത്രം, കല, ഭൂമിശാസ്ത്രം, നരവംശ ശാസ്ത്രം, രാഷ്ട്ര തന്ത്രം, സാഹിത്യം,



ധനശാസ്ത്രം, പ്രകൃതി ശാസ്ത്രം തുടങ്ങി ഏതുതരം അറിവുകളും യാത്രയിലൂടെ നമുക്ക് ലഭിക്കുന്നു" കമറുദ്ദീൻ വ്യക്തമാക്കി. സ്ഥിരമായി യാത്ര ചെയ്യുന്നയാൾക്ക് ജീവിതത്തിൽ ലഭിക്കുന്ന നേട്ടങ്ങളിൽ 80% വും യാത്രയിൽ നിന്നാണെന്ന് അഷ്റഫ് പറഞ്ഞു. പണക്കാർക്കു മാത്രമുള്ളതായിരിക്കുന്നു ഇന്നത്തെ യാത്രകളെന്ന് ഫാരിസ് സങ്കടപ്പെട്ടപ്പോൾ അരുൺലാലിന്റെ വക കമന്റ് ഇങ്ങനെയായിരുന്നു: "പാവങ്ങൾക്കും യാത്രയുടെ അനുഭൂതി ലഭിക്കുംവിധം അറിവുകളും കാഴ്ചകളും കാണാനുള്ള ഒരു വിദ്യ തനിക്കറിയാം-ഇന്റർനെറ്റ്! ഈ കുന്തമുണ്ടെങ്കിൽ കുറഞ്ഞ പൈസകൊണ്ട് ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും എത്തിപ്പെടാം, അതും കുറഞ്ഞ സമയം കൊണ്ട്."

സമ്പത്ത്, ആരോഗ്യം, മനസ്സ്, സാഹചര്യം, സന്ദർഭം തുടങ്ങി പല ഘടകങ്ങളും അവസ്ഥകളും നമ്മുടെ യാത്രകളെ സ്വാധീനിക്കുന്നുവെന്ന് കമറുദ്ദീൻ അഭിപ്രായപ്പെട്ടു. ചില യാത്രകൾ അനിവാര്യമായും ചെയ്യേണ്ടതാണെന്നാണ് ഫാരിസിന്റെ കണ്ടെത്തൽ. സുദീർഘവും സുഖകരവുമായ യാത്ര മനസ്സിന്റെ യാത്രയാണെന്നും നൗജസ് പറയുന്നു. "അതാകുമ്പോൾ ഇന്ന സമയം മതിയെന്നോ ഇത്ര പൈസ വേണമെന്നോ ഇല്ലല്ലോ. അറിഞ്ഞോ അറിയാതെയോ എപ്പോൾ വേണമെങ്കിലും നമുക്ക് ആ യാത്രയിൽ പങ്കെടുക്കാം."

ഒരാളെ മനസ്സിലാക്കാൻ യാത്രയാണ് നല്ല സാഹചര്യമെന്ന് പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞത് തീർത്തും ശരിയാണെന്ന് ശിബിലി ചൂണ്ടിക്കാട്ടി. "യാത്രക്കിടയിലാണ് പലരുടെയും ഉള്ളിലെ പൂച്ചകൾ പുറത്ത് ചാടുക". ആഗോളവത്കരണവും പുതിയ ജീവിത ശൈലിയും നമ്മുടെ യാത്രകളെ ആകെ മാറ്റിമറിച്ചിരിക്കുന്നു എന്ന അഭിപ്രായമാണ് കമറുദ്ദീനും സന്ദീപിനും. "ഊട്ടിയിലും മൈസൂരിലും ടൂർ പോയവർ വീണ്ടും അങ്ങോട്ട് പോവാൻ ആഗ്രഹിച്ചേക്കും. എന്നാൽ ഇന്നത്തെ അമ്യൂസ്മെന്റ് പാർക്കുകളിൽ ഒറ്റത്തവണയേ ആരും പോകൂ. ഉദാഹരണത്തിന്, വീഗാലാന്റിൽ ഒരിക്കൽ പോയവർ പിന്നെ ആ വഴിക്കു പോകില്ല. അവർ അടുത്ത തവണ സിൽവർ സ്റ്റോമിലോ ബ്ലാക്ക് തണ്ടറിലോ മറ്റോ പോകുന്നു." അനീസിന്റെ ഈ അഭിപ്രായത്തോട് ഷെറിൽ യോജിച്ചില്ല. കാരണം എട്ടോ പത്തോ തവണ വീഗാലാന്റിൽ മാത്രം പോയവരെ ഷെറിലിന് അറിയാം. ശിബിലി ഇടപെട്ടു: "ആകർഷകമായ പുതിയ സംവിധാനങ്ങൾ ഇടയ്ക്കിടെ വരുന്നതു കൊണ്ട് മാത്രമാണ് ഇങ്ങനെ സംഭവിക്കുന്നത്. പഴയ പല സംവിധാനങ്ങളും അവർക്ക് സമയാസമയം മാറ്റേണ്ടി വരുന്നു. ഇത്തരം അമ്യൂസ്മെന്റ് പാർക്കുകളിൽ ഒരു ത്രില്ലുണ്ട്. അതു തീർന്നാൽ കഴിഞ്ഞു കഥ."

**അതെ, യാത്രകൾ അനുഭവങ്ങളാണ്. അവയിലെ ത്രില്ല്



**നഷ്ടമാകാതെ സൂക്ഷിക്കണം. അതാണ് ഒരു യാത്രക്കാരന്റെ മിടുക്ക്. വെള്ളമടിക്കാനും ലഹരി ഉപയോഗിക്കാനും മാത്രമുള്ളതായി നമ്മുടെ യാത്രകൾ മാറാതെ ശ്രദ്ധിക്കേണ്ടത് നമ്മുടെ കടമയാണ്. മികച്ച ഓർമ്മകൾ സൂക്ഷിച്ചു വെക്കാനും പുതിയ പാഠങ്ങൾ പഠിക്കാനും നമ്മുടെ യാത്രകൾ കൊണ്ട് കഴിയട്ടെ.**

## സാഹിറ & ഐ.ഡി.ബി. ഹോസ്റ്റൽ

### വിഷയം: എന്റെ സ്വപ്നങ്ങൾ

"സ്വപ്നങ്ങൾ ഒരു തരം പ്രചോദനമാണ്. ഭാവിയെക്കുറിച്ചും വർത്തമാനത്തെ പറ്റിയും നല്ലത് ചിന്തിക്കാൻ കഴിയുന്നവർക്കേ നല്ല സ്വപ്നങ്ങൾ സാധ്യമാവൂ." ആയിഷക്കുട്ടി പറഞ്ഞുതുടങ്ങി. " സ്വപ്നങ്ങൾ കൂടിയില്ലെങ്കിൽ ഈ ലോകം വിരസമായിരിക്കും. നല്ല സ്വപ്നങ്ങൾ നമുക്കെന്നും ആവേശം തരും. അല്ലാത്തവ...." ആയിഷക്കുട്ടി പറഞ്ഞു തീരും മുമ്പേ സിബാനത്ത് ഇടയ്ക്ക് കയറി ചോദിച്ചു. "ചീത്ത സ്വപ്നങ്ങളെന്താ ആവേശമാകാറില്ലേ?" തന്റെ ചോദ്യം ആർക്കും മനസ്സിലായില്ലെന്നു മനസ്സിലാക്കിയ സിബു ചോദ്യം ഇങ്ങനെ വിശദീകരിച്ചു: "ദുരന്തങ്ങളും അപകടങ്ങളും മാത്രമുള്ള വ്യക്തിക്കും സ്വപ്നങ്ങൾ കാണാനാകും. അവ നല്ല സ്വപ്നങ്ങൾ ആകണമെന്നില്ലെന്ന് മാത്രം. ദു:സ്വപ്നങ്ങളുടെ നിരന്തര സാന്നിധ്യം ആ വ്യക്തിയോട് അത്തരം ദുർവൃത്തികളിൽ നിന്നുള്ള മോചനം ആവശ്യപ്പെടും."

അതുവരെ എന്തോ ആലോചിച്ചിരുന്ന ശ്രീനി പെട്ടെന്ന് ചോദിച്ചു. "അല്ല, ചേച്ചിമാരെ, സത്യത്തിലെന്താണീ സ്വപ്നം?" ഈ ചോദ്യം അതുവരെ വാചലയായിരുന്ന സിബാനത്തിനെ പോലും ഇത്തിരി വിഷമിപ്പിച്ചു. കാരണം പൊട്ടചോദ്യങ്ങൾ ചോദിക്കുന്നവളല്ല തങ്ങളുടെ ശ്രീനിക്കുട്ടി. 'പക്ഷെ ഇപ്പോൾ ചോദിച്ചതിനർത്ഥം.....?' എല്ലാവരും ആലോചനയിലായി. ഒടുവിൽ അല്ലിയാണ് പരിഹാരവുമായി മുന്നോട്ടുവന്നത്. "ജീവിതത്തിൽ തൊട്ടടുത്ത നിമിഷത്തിലോ വിദൂര സമയങ്ങളിലോ യാഥാർത്ഥ്യമായി പുലർന്ന് കിട്ടേണ്ട കാര്യങ്ങളാണ് നമ്മുടെ ആഗ്രഹങ്ങൾ. ഇത്തരം ആഗ്രഹങ്ങൾ നമ്മുടെ മനസ്സിൽ ചില ചിത്രങ്ങൾ സൃഷ്ടിക്കുന്നു. ഈ ചിത്രങ്ങൾ നമുക്ക് നേരിട്ടനുഭവമുള്ളതോ അല്ലാത്തതോ ആവാം. മാത്രമല്ല അവ സംഭവിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്യാം." അല്ലിയുടെ ഈ താത്കാലിക മറുപടി ചർച്ചക്കെത്തിയവരിൽ വീണ്ടും ചില സംശയങ്ങൾ ബാക്കിയാക്കി.

അനീഷത്ത് സ്വപ്നം കാണുന്നത് ഒരു ടീച്ചറാകാനാണ്. ടീച്ചറായാൽ അനിയുടെ സ്വപ്നം കാണൽ നിന്നുപോകുമോ? അനി പറഞ്ഞു: "ടീച്ചറായാലും സ്വപ്നം കാണും. എന്റെ സ്വപ്നം എന്നു നിൽക്കുന്നുവോ അന്ന് ജീവനോടെ ഞാനില്ലായിരിക്കും." **തന്റെ ഏറ്റവും വലിയ സ്വപ്നമേതാണെന്ന് സൗമ്യ ഒന്നാലോചിച്ചു നോക്കി. ചില കൂട്ടിക്കിഴിക്കലുകൾക്കും മനക്കണക്കുകൾക്കും ശേഷം അവൾ പറഞ്ഞു. "ഏറ്റവും വലിയ സ്വപ്നം എന്താണെന്ന് പറയാനാവില്ല. എങ്കിലും സ്വസ്ഥമായ ജീവിതവും അതിലും സ്വസ്ഥമായ മരണവുമാണ് എന്റെ വലിയ സ്വപ്നം."** ആദ്യം ഒരു നല്ല ജോലി സ്വപ്നം കാണുകയും ശേഷം ഒരു സംതൃപ്തമായ കുടുംബജീവിതവും തുടർന്ന് സ്വസ്ഥമായ മരണവും- ഇതാണ് അനീഷത്തിന്റെ സ്വപ്നം. ഇങ്ങനെയല്ലാതെ താൻ നേരിട്ട് മരണത്തെ സ്വപ്നം കാണുന്നതിലെ യുക്തി സിബാനത്തും വ്യക്തമാക്കിയെങ്കിലും ആർക്കും ഒന്നും മനസ്സിലായില്ല.

നമ്മുടെ സ്വപ്നങ്ങൾ നമ്മുടേത് തന്നെയാണോ എന്ന സംശയമായിരുന്നു ഷഹർബാനുവിന്. "നമ്മുടെ സ്വപ്നങ്ങളിൽ ഏറിയ പങ്കും നമ്മെ സ്വപ്നം കാണുന്ന രക്ഷിതാക്കളുടേയോ സമൂഹത്തിന്റേയോ അല്ലേ?"- ബാനുവിന്റെ ചോദ്യത്തിന് അല്ലെന്നാണ് ആയിഷക്കുട്ടിയുടെ ഉറച്ച മറുപടി. "നമ്മൾ നമ്മുടെ അവസ്ഥക്കും താത്പര്യത്തിനുമനുസിച്ചുള്ള സ്വപ്നങ്ങളാണ് കാണേണ്ടത്. അതിൽ പാരൻസിനെയും സമൂഹത്തേയും ഇടപെടീക്കരുത്." ഇപ്പറഞ്ഞത് ശരിയല്ലെന്നാണ് സൗമ്യയുടെ അഭിപ്രായം. "ഒരു സ്വപനം നടന്നു കിട്ടണമെങ്കിൽ നമുക്ക് വേണ്ടപ്പെട്ടവരും അതേ പോലെ ആഗ്രഹിക്കുകയും പിന്തുണക്കുകയും വേണം."സൗമ്യ വ്യക്തമാക്കി. അല്ലിക്ക് പക്ഷെ പറയാനുള്ളത് ഇതായിരുന്നു. "ഒരു വ്യക്തി സ്വകാര്യമായി കാണുന്ന സ്വപ്നങ്ങൾ സഫലമാകാൻ ആരുടേയും സഹായം വേണമെന്നില്ല. സാമൂഹിക പുരോഗതിക്കായി കാണുന്ന സ്വപ്നങ്ങൾ പൂർത്തീകരിക്കപ്പെടണമെങ്കിൽ ആ വ്യക്തിയോട് സമൂഹം കൂടി സഹകരിക്കേണ്ടിയിരിക്കുന്നു." അമൃതക്കും ഇതാണ് പറയാനുള്ളത്. പ്രയത്നം ഉണ്ടെങ്കിൽ ഏത് സ്വപ്നവും ലക്ഷ്യത്തിലെത്തുമെന്നാണ് നസീബയുടെ വിശ്വാസം. എങ്കിലും സമൂഹം, സാഹചര്യം, കാലം, സമ്പത്ത്, മതം, എന്നിങ്ങനെ പല ഘടകങ്ങൾ സ്വപ്നത്തെ നിയന്ത്രിക്കുന്നെന്ന് നസീബ എണ്ണുന്നു.

നമ്മുടെ സ്വപ്നങ്ങൾ മാധ്യമങ്ങൾ സൃഷ്ടിക്കുന്നതല്ലെന്ന് അമൃത പറഞ്ഞു. "മീഡിയകൾ നമുക്ക് മുമ്പിൽ ഒപ്ഷനുകൾ നിരത്തിത്തരുന്നു എന്നേയുള്ളൂ. നമ്മുടെ സ്കില്ലിനനുസരിച്ചുള്ളത് നമുക്ക് തിരഞ്ഞെടുക്കാം. അതിലാരും നമ്മെ നിർബന്ധിക്കില്ല. നിർബന്ധിക്കാൻ പാടില്ല. നമ്മുടെ സ്വപ്നങ്ങൾ നമ്മുടെ അനുഭവങ്ങൾ പോലെ തന്നെ നമുക്ക് മാത്രം സ്വന്തമാണ്.''- ഷഹർബാനു ഒന്നു നിർത്തി. രക്ഷിതാക്കളുടെ






സ്വപ്നവും കുട്ടികളുടെ താൽപര്യവും വിത്യാസ്തമാവുകയും അവരുടെ മേൽ രക്ഷിതാക്കളുടെ സ്വപ്നം അടിച്ചേൽപ്പിക്കുകയും ചെയ്താൽ അത് കുട്ടികളിൽ ഭീകരവും ദയനീയവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. അത് മൂലം ഒരു സ്വപ്നവും നടക്കില്ലെന്നു മാത്രമല്ല, വെളുക്കാൻ തേച്ചത് പാണ്ടുണ്ടാക്കുന്ന അവസ്ഥയായിരിക്കും ഫലം ചെയ്യുകയെന്ന് ശ്രീനി.

സ്വപ്നം സഫലമായില്ലെങ്കിൽ അത് സ്വപ്നമല്ലേ, വിധിച്ചിട്ടില്ല എന്ന് കരുതി സമാധാനിക്കുമെന്നും പുതിയ സ്വപ്നങ്ങൾ കാണുമെന്ന് ഹാജറ പറയുമ്പോൾ സ്വപ്നം സഫലമായില്ലെങ്കിൽ ആത്മഹത്യ ചെയ്ത് ഫൂളാകില്ലെന്ന് അമ്മു കൂട്ടിച്ചേർത്തു. ആത്മഹത്യ ചെയ്യുന്നവർ ഫൂളല്ല, സാഡിസ്റ്റുകൾ ആണ് എന്നാണ് സൗമ്യയുടെ അഭിപ്രായം. "അതിക്രൂരമായി സ്വന്തത്തെ നശിപ്പിക്കാൻ അവർക്കേ കഴിയൂ." ഭീരുവിന്റെ സ്വപ്നമാണ് മരണമെന്ന് സിബുവിനെ നോക്കി ആയിഷക്കുട്ടി പറഞ്ഞു. ആവർത്തിക്കപ്പെടാത്തതും ഒരിക്കൽ ശ്രമിച്ചു പിൻമാറിയാൽ പിന്നെ അനുഭവിക്കാൻ കൊതിക്കാത്തതുമായ ഒരേയൊരു സ്വപ്നമാണ് സൗമ്യക്ക് മരണം.

അതെ, സ്വപ്നം കാണാൻ സർവ്വരും പ്രോത്സാഹിപ്പിക്കുമ്പോൾ, ജീവിതം യൗവനതീക്ഷണവും ഹൃദയം കാവ്യമനോഹരമാകുമ്പോൾ നാം സ്വപ്നം കാണാതിരിക്കുന്നതെങ്ങനെ? സ്വർഗങ്ങൾ പോലും സ്വപ്നം കാണുന്ന ഇക്കാലത്ത് നടക്കില്ലെന്നറിഞ്ഞിട്ടും നമുക്കുമാത്രം കാണാൻ ഒരായിരം സ്വപ്നങ്ങളില്ലേ. അല്ലെങ്കിൽ നടക്കാനാകാത്തത് സ്വപ്നം കാണാനും കണ്ട സ്വപ്നങ്ങൾ സഫലമാകാതിരിക്കാനും വിധിക്കപ്പെട്ടവരാണല്ലോ നാം. അനിഷത്ത് പറഞ്ഞവസാനിപ്പിച്ചു. ☯

## ഇഖ്ബാൽ ഹോസ്റ്റൽ

### വിഷയം: മറ്റുള്ളവരും ഞാനും

ഞാൻ മറ്റുള്ളവരുടെ മുന്നിലെന്നല്ല സ്വന്തം മനസാക്ഷിക്കു മുന്നിൽ പോലും ആരാണെന്നത് എല്ലാവരും ഒരിക്കലെങ്കിലും സ്വയം ചോദിച്ച ചോദ്യമായിരിക്കുമെന്നു പറഞ്ഞ് ഹഫീസുള്ള ചർച്ചക്ക് തുടക്കമിട്ടു. "നമ്മൾ മറ്റുള്ളവർക്ക് മുന്നിൽ ആരാണെന്ന് വിലയിരുത്തപ്പെടുമ്പോൾ ചിലപ്പോൾ ഓ.കെ. ആണെന്നും അല്ലെന്നും തോന്നാം. അപ്പോഴത്തെ നമ്മുടെ മാനസികാവസ്ഥക്കും പ്രകൃതിക്കും അനുസരിച്ചാണ് ഈ വിലയിരുത്തൽ. കുറഞ്ഞവനെന്നും കൂടിയവനെന്നും സമൂഹം വേർതിരിച്ച തട്ടിൽ മറ്റുള്ളവർക്കിടയിൽ നാം എവിടെ എന്നന്വേഷിച്ചാൽ ഈ ചോദ്യത്തിന് കുറച്ചെങ്കിലും ഉത്തരം കിട്ടും."- ഹഫീസ് പറഞ്ഞു. സമൂഹം നിർണയിച്ച പോസിറ്റീവ്-നെഗറ്റീവ് തരംതിരിവാണ് വ്യക്തിയെ അളക്കാനുള്ള മികച്ച ഉപാധിയെന്ന് രാജേഷ് കണ്ടെത്തുന്നു. മറ്റുള്ളവർക്ക് മുന്നിൽ ആരെന്ന് വിലയിരുത്തിയാൽ ഒന്നുകിൽ അസൂയയിലോ അല്ലെങ്കിൽ അഹങ്കാരത്തിലോ എത്തിച്ചേരുമെന്ന് അബ്ദുൽ അസീസ് ഭയക്കുന്നു. "നമ്മളാരാണെന്ന ചോദ്യത്തിന് സത്യസന്ധമായ ഉത്തരം കിട്ടണമെങ്കിൽ നമ്മളല്ലാത്തവർ മറ്റുള്ളവരോട് ചോദിക്കുന്നതായിരിക്കും നല്ലത്." സലാമിന്റെ നിർദ്ദേശമാണിത്. ഈ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ആരിഫ് പറഞ്ഞു: "ഒരാൾക്കും അയാളുടെ മെറിറ്റോ ഡിമെറിറ്റോ വ്യക്തമായി തിരിച്ചറിയാനാവില്ല." എന്നാൽ ഒരാൾക്ക് അയാളുടെ മെറിറ്റും ഡിമെറിറ്റും അറിയുന്നത്ര മറ്റാർക്കും അയാളെപറ്റി അറിയില്ലെന്ന് അഭിലാഷ് എതിർത്തു. ജിജീഷിനും ഇതേ അഭിപ്രായം തന്നെയാണുള്ളത്. കാരണം, "മറ്റൊരാൾ നമ്മുടെ മെറിറ്റ് പറയുമ്പോൾ അത് ഫ്ളാറ്ററിങ്ങായും ഡിമെറിറ്റ് പറയുമ്പോൾ അത് ജലസിയായും മാറാനും സാധ്യതയുണ്ടല്ലോ?" ജിജീഷ് വ്യക്തമാക്കി.

ജനിച്ച് മരണം വരെ ശ്രമിച്ചാലും ഒരാൾക്കും ഞാനാരെന്ന ചോദ്യത്തിന് ഉത്തരം നൽകാനാവില്ലെന്ന് രാജേഷ് അഭിപ്രായപ്പെട്ടു. "മനുഷ്യന് ഒരു നിർവചനം കണ്ടെത്തുക എന്നതാണ് മതങ്ങളുടേയും ഇസങ്ങളുടേയും രാഷ്ട്രീയപാർട്ടികളുടെയും ശ്രമം. ഈ സ്വയം തിരിച്ചറിവിന് കൂടിയാണ് ഇവയെല്ലാം രൂപീകരിക്കപ്പെട്ടതും. പഠിക്കുന്ന കാലത്ത് നാം വിദ്യാർത്ഥി, പണിയെടുക്കുന്ന കാലത്ത് നാം ജോലിക്കാരൻ. എന്നാൽ ഇതിനപ്പുറം നാം മനുഷ്യരാണ് എന്ന തിരിച്ചറിവാണ് വേണ്ടത്." സലാം നിർത്താൻ കാത്തിരുന്ന പോലെ അഭിലാഷ് ചോദിച്ചു, "ഈ തിരിച്ചറിവുണ്ടോ എന്നതാണ് പ്രധാനം? പിന്നെ ഈ വ്യക്തിത്വം എന്ന് പറയുന്നത് സമൂഹമാണ് സൃഷ്ടിക്കുന്നതും തീരുമാനിക്കുന്നതും." "അതു ശരിയല്ല.", രാജേഷ് ഇടക്കുകയറി. "കാലം നമുക്ക് തരുന്ന നിർവചനം മാറിക്കൊണ്ടിരിക്കും." "അതായത് സമൂഹം നമ്മുടെ പെരുമാറ്റം യഥാവിധി വിലയിരുത്തുന്നില്ല. ഒരാൾ മറ്റൊരാളെ അയാളോടുള്ള ബന്ധത്തിനനുസരിച്ചാണ് വിലയിരുത്തുന്നത്." അലിയും വിട്ടുകൊടുത്തില്ല.

"അങ്ങനെയാണെങ്കിൽ നമ്മളോട് കൂടുതലടുത്തത് നമ്മൾ തന്നെയാണ്. നമ്മളെപ്പറ്റി കൂടുതലറിയുന്നതും നമുക്ക് തന്നെ" മുരുകന്റെ കണ്ടെത്തൽ ഇതായിരുന്നു. സ്വയം തിരിച്ചറിവ് കൂട്ടുകെട്ടിൽനിന്നോ വീട്ടിൽനിന്നോ ലഭിക്കുന്നതാണെന്നാണ് സൈഫലിന്റെ അഭിപ്രായം. "നമ്മൾ ചെയ്യുന്ന കാര്യം നല്ലതാണോ ചീത്തയാണോ എന്ന അടിസ്ഥാനത്തിലാണ് നാം വിലയിരുത്തപ്പെടേണ്ടത്." **സൈദ് ഇങ്ങനെ പറഞ്ഞപ്പോൾ രാജേഷ് എടുത്തടിച്ചപോലെ ചോദിച്ചു: "അല്ലെങ്കിൽ ആര് സെയ്ദെ ഈ നന്മയും തിന്മയും തീരുമാനിക്കുന്നത്? കാല**



**ത്തിനും ദേശത്തിനും വിഭാഗത്തിനുമനുസരിച്ച് മാറുന്നതല്ലേ ഈ നന്മ തിന്മ സങ്കൽപ്പങ്ങൾ?"** "അമേരിക്കക്ക് ശരിയാണെന്ന് തോന്നുന്നത് ഇന്ത്യക്ക് തെറ്റ്. ഇന്ത്യയിലെ ശരി പാക്കിസ്ഥാനിൽ തെറ്റ്"- ആസിഫ് പിൻതാങ്ങി. "ഇവിടെയാണ് സർവ്വശക്തനായ ദൈവത്തിന്റെ പ്രാധാന്യം വ്യക്തമാവുന്നത്. നന്മതിന്മകളുടെ മാനദണ്ഡം മനുഷ്യൻ നിർണയിക്കുമ്പോൾ അതിനു പരിമിതിയുണ്ട്." സലാം പരിഹാരം കണ്ടെത്തി.

പലപ്പോഴും എന്നെപ്പറ്റിയുള്ള എന്റെ സങ്കൽപം മാറുന്നുവെന്ന് മുഹമ്മദലി. അലിയുടെ അനുഭവത്തിൽ സ്വന്തം പ്ലാനിങ്ങുകൾ മറ്റാർക്കെങ്കിലും വേണ്ടി തെറ്റിക്കേണ്ടി വരുന്നു. ഇതേ അനുഭവമാണ് മുരുഗനും. 'കിരീട'ത്തിലെ സേതുമാധവനെപ്പോലെ നമ്മുടെ ക്യാരക്ടർ പോലും മറ്റുള്ളവരാൽ മാറ്റപ്പെടുന്നുവെന്നു അഭിലാഷും സമ്മതിച്ചു. ഇവരുടെ പ്ലാനിംഗിനു വേണ്ടത്ര ശക്തിയില്ലാഞ്ഞിട്ടാണെന്ന് രജീഷ് ചൂണ്ടിക്കാട്ടി. ആശിച്ചാൽ പോരാ പ്രയത്നിക്കുക കൂടി വേണമെന്ന് ആരിഫ്.

"ആശയെ സമൂഹം സ്വാധീനിക്കില്ല " അസീസ് പുതിയ ചിന്തയുമായെത്തി. ആശയെ സമൂഹം സ്വാധീനിക്കുന്നുവെന്ന് അലി എതിർത്തു. "ഡോക്ടറാവലാണ് നല്ലതെന്ന് സമൂഹം തീരുമാനിച്ചതാണ്." പറഞ്ഞ് കേട്ടോ വായിച്ചോ കണ്ടോ അനുഭവിച്ചോ ആണ് മറ്റുള്ളവർ നമ്മെ മനസിലാക്കുന്നത്. എന്നാൽ ഏറ്റവും നല്ല രീതി അയാളോടുള്ള ബന്ധങ്ങളിലൂടെ നേരിട്ട് സ്വയം മനസ്സിലാക്കുന്നതാണെന്ന് സലാം നിർദ്ദേശിക്കുന്നു.

ചുരുക്കത്തിൽ മറ്റുള്ളവരെ നോക്കിയല്ല നാം നമ്മളാവേണ്ടത്. നമ്മുടെ വ്യക്തിത്വം എല്ലാ ഘട്ടങ്ങളിലും ഒരേപോലെ തന്നെയായിരിക്കണം. അപ്പോഴേ ഒരാൾ വ്യക്തിയായി മാറൂ. അതിനാണ് നാം ശ്രമിക്കേണ്ടത്.

## സർസയ്യിദ് ഹോസ്റ്റൽ

### വിഷയം: എന്റെ സ്വാതന്ത്ര്യം

ഫൗസിയയാണ് ചർച്ചക്ക് ആരംഭം കുറിച്ചത്. "എനിക്ക് എത്രത്തോളം സ്വാതന്ത്ര്യമുണ്ട് എന്ന് കണക്കാക്കാൻ പോലുമുള്ള സ്വാതന്ത്ര്യം ഇല്ല എന്ന് പറയുമ്പോൾ അത് വെറും വാചകക്കസർത്തായി ആരും കരുതില്ലെന്ന് ഉറപ്പാണ്. അതെ, എന്താണ് സ്വാതന്ത്ര്യമെന്ന് പോലും മനസിലാക്കാൻ നമുക്കാകുന്നില്ല." ഫൗസിയയുടെ വാക്കുകൾ ശരിയാണെന്ന് പറയാൻ തനിക്കാവില്ലെന്ന് മുനീറ പറഞ്ഞു. "അന്യർക്ക് ഒരു തരത്തിലും ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിൽ എന്തും പ്രവർത്തിക്കാൻ നമുക്ക് അവകാശമുണ്ട്. അതിനാൽ സ്വാതന്ത്ര്യത്തിന്റെ നിർവ്വചനം കണ്ടെത്തുക പ്രയാസമേറിയ പണിയൊന്നുമല്ല." "സ്ത്രീകളും കുട്ടികളും ദളിതരുമാണ് കൂടുതൽ പാരതന്ത്ര്യം അനുഭവിക്കുന്നത്. ജനിക്കാൻപോലുമുള്ള സ്വാതന്ത്ര്യം ഇന്ന് പെൺകുട്ടികൾക്കില്ല. ആറാം നൂറ്റാണ്ടിലെ ഇരുണ്ടയുഗത്തിൽ പെൺകുട്ടികളെ ജീവിനോടെ കുഴിച്ചു മൂടപ്പെട്ടിരുന്നുവെന്ന് ചരിത്രം പറയുന്നു. ആ കുട്ടികൾ ഭാഗ്യവതികളാണ്. കാരണം അവർക്ക് ജനിക്കാനെങ്കിലും സ്വാതന്ത്ര്യം ഉണ്ടായിരുന്നല്ലോ. ഇന്ന് ശാസ്ത്രം വളരേയേറെ പുരോഗമിച്ചത് കൊണ്ടാവണം പെണ്ണാണെന്നറിഞ്ഞാൽ ഭ്രൂണത്തിലേ കൊന്നു തള്ളുന്നത്." വൃദ്യ ക്ഷോഭിച്ചു. പെണ്ണായിപ്പിറന്നതിന് ഞങ്ങളെന്തു പിഴച്ചു എന്ന് സമീന ചോദിക്കുമ്പോൾ ഈ ചോദ്യം സ്ത്രീകളെന്നുണ്ടായോ അന്നു മുതൽ ചോദിച്ചുവരുന്നതാണെന്നും ഇന്നുവരെ ഇതിന് സമാധാനം നൽകാൻ ആർക്കും കഴിഞ്ഞിട്ടില്ലെന്നും ഹർഷ സങ്കടപ്പെട്ടു.

"സ്ത്രീയെ അബലയും തബലയും ആക്കി മാറ്റുന്നതിൽ സിനിമ, സാഹിത്യം, ചരിത്രം, മതം എന്നിവയടക്കം എല്ലാവരും വിജയിച്ചു. സിനിമയിലാണെങ്കിൽ സ്ത്രീ കഥാപാത്രത്തിന് കൂടുതൽ പ്രാധാന്യമുള്ള കഥയാണെങ്കിൽ അതിൽ ചുരുങ്ങിയത് ഒരു ബലാത്സംഗമോ രണ്ട് മാറത്തടിച്ച് നിലവിളിക്കലോ ഉണ്ടായിരിക്കണമെന്ന് നിർബന്ധമാണെന്ന് തോന്നും. നമ്മൾ കരഞ്ഞു കാണാനാണ് സമൂഹത്തിന് ഇഷ്ടം. വനിതാ പ്രസിദ്ധീകരണങ്ങളിലും സ്ത്രീയുടെ സ്വകാര്യങ്ങൾ എഴുതന്നത് പോലും കെ.ആർ. എന്നോ, എം.എൻ. എന്നോ ചുരുക്കപ്പേരിൽ പുരുഷന്മാർ തന്നെയാണ്. സ്ത്രീകൾ എന്തു ധരിക്കണം, എങ്ങനെ നടക്കണം, എപ്പോൾ ചിരിക്കണം എന്നെല്ലാം ഇത്തരം പ്രസിദ്ധീകരണങ്ങളിലെ തങ്ങളുടെ കോളങ്ങളിലൂടെ നിയമം പടച്ചുവിടുന്നത് ഇത്തരം പുരുഷന്മാരാണുപോലും. നമ്മുടെ കാര്യം നോക്കാൻ നമ്മൾ ആയിട്ടില്ലെന്ന് തുറന്നു സമ്മതിക്കലോ നമ്മുടെ സ്വകാര്യതയിലേക്കും സ്വാതന്ത്ര്യത്തിലേക്കും അന്യനെ സ്വീകരിച്ചാനയിക്കലോ ആയി ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്." സജ്ന തന്റെ ദീർഘ ഭാഷണം ഇങ്ങനെ അവസാനിപ്പിച്ചു.

**ഇന്ന് സ്ത്രീകൾ പലരുടെയും കൈയിലെ കളിപ്പാവകളാണെന്ന് പലരും അഭിപ്രായപ്പെട്ടു. " പുതിയ സ്ഥാനമാനങ്ങൾ നേടാൻ, നേടിയവ നില നിർത്താൻ, മേലുദ്യോഗസ്ഥനെ തൃപ്തിപ്പെടുത്താൻ, ക്രിമനൽ പ്രവർത്തനങ്ങൾക്ക്, ചാരപ്പണികൾക്ക്, വാർത്ത സൃഷ്ടിക്കാൻ, വിവാദങ്ങളുണ്ടാക്കാൻ, ഉന്നതരെ കരിവാരി തേക്കാൻ, ചാവേർ ബോംബുകളാവാൻ തുടങ്ങി ഇന്ന് പലതിനും പലർക്കും സ്ത്രീ ഒരു നല്ല ഉപകരണവും ആയുധവുമായി മാറിയിരിക്കുന്നു." ജംഷീദ അഭിപ്രായപ്പെട്ടു. " സമൂഹം ഇങ്ങനെയൊക്കെ നമ്മെ കാണുന്നതിൽ നമ്മൾ എന്ത് ചെയ്യാനാ?" ഹബീറ ചോദിക്കുന്നു.**

യാത്ര ഏറെ ഇഷ്ടപ്പെടുന്നവരാണ് പെൺകുട്ടികൾ. പക്ഷെ എന്തു ചെയ്യാം? സ്വാതന്ത്ര്യത്തോടെ ഒന്ന് പുറത്തിറങ്ങാൻ പോലും വീട്ടുകാർ സമ്മതിക്കില്ലെന്ന് മുഫീദ സങ്കടപ്പെടുന്നു. " എനിക്ക് വീട്ടുകാരുടെ സമ്മതം ഓക്കെയാണ്. പക്ഷെ നാട്ടുകാരാണ് പാര." ജംഷീദ പറഞ്ഞു. വീട്ടിൽ നിന്നും സമ്മതത്തോടെ പുറത്തേക്കൊന്നിറങ്ങിയാൽ നാട്ടുകാർക്കാണ് നമ്മുടെ കാര്യത്തിൽ വല്ലാത്ത ആവലാതി എന്നതാണ് രസം. രഹസ്യമായി നമ്മെ ഫോളോ ചെയ്യാനും അവസരം കിട്ടിയാൽ സ്വന്തം മനോരോഗം വെളിപ്പെടുത്താനും ഇവർക്ക് വല്ലാത്തൊരാവേശമാണ്. " നമ്മൾ എതിർത്താൽ അയാൾ തന്നെ നമുക്കെതിരെ ആദ്യത്തെ വെടി പൊട്ടിക്കും. ഇതാണ് സമൂഹം." സജ്നക്ക് ഇതുപറയുമ്പോൾ ചിരി വന്നു. "ഇവൻമാരുടെ കരണകുറ്റിക്ക് ചെരുപ്പൂരി രണ്ടു കൊടുക്കുകയാണ് വേണ്ടത്." എന്ന് ജസീറ. പക്ഷെ അവിടെയും ഉണ്ട് പ്രശ്നങ്ങൾ. "നമ്മളിവരെ എതിർത്താൽ പിന്നെ യാതൊരു നാണവുമില്ലാതെ അവർ നമ്മെ കയറിപ്പിടിക്കുകയോ തരം കിട്ടിയാൽ റിവഞ്ചെടുക്കുകയോ ചെയ്യും."– സജിലയ്ക്ക് ഇതാണ് പേടി. "പോലീസിൽ പറയുന്നതായിരിക്കും നല്ലത്." ജസീറ അഭിപ്രായപ്പെട്ടു. "പോലീസിൽ പറയാനോ, എന്നാൽ പുലിവായതു തന്നെ. കേസ് തീരോളം അതിന്റെ പിന്നാലെ നടക്കണം. പ്രശ്നം പരിഹരിക്കപ്പെട്ടാൽതന്നെ നാട്ടിൽ നമ്മുടെ ഇമേജ് മറ്റൊരു തരത്തിലാകും." വൃദ്യ പറഞ്ഞു. "അല്ലെങ്കിലും ഇപ്പോഴത്തെ പോലീസുകാരെ നമ്പാനൊക്കില്ല. 'അച്ചുവിന്റെ അമ്മ'യിലെ പോലീസുകാരന്റെ മുന്നിൽപെട്ട ഊർവ്വശിയുടെ സ്ഥിതിയെന്താണ്?" സമീന ചോദിച്ചു. "ബസിലെ പൂവാലന്മാരുടേയും മനോരോഗികളുടേയും കൃമി ശല്യമാണ് അസഹനീയം. ഇവിടുന്നു വയനാട്ടിലേക്കുള്ള യാത്രയിൽ സേഫ്റ്റി പിന്നോ ബ്ലേഡോ ഇല്ലാതെ യാത്ര ചെയ്യാനാവില്ല. " ഹബീറ പറഞ്ഞു. "നമ്മളെ സമൂഹം മറ്റൊരു കണ്ണിൽ കാണുന്നു." റഹ്മത്തിന്റെ ഈ അഭിപ്രായം കേട്ടപാടെ ഹർഷ ഇടപെട്ടു. "ഒരു പരിധിവരെ ഇതിനു പെൺകുട്ടികളും കാരണക്കാരാണ്. ഓപ്പൺ സ്ഥലങ്ങളിൽ അവിടെ കണ്ട പയ്യൻമാരോട് ചിരിച്ച് കളിച്ച് വർത്തമാനം പറയും. ഇത് പുറത്ത് നിന്ന് കാണുന്ന ഏതൊരാൾക്കും ഒലിപ്പിക്കലായിട്ടേ തോന്നൂ. ഇത്തരം കുട്ടികളായിരിക്കും കൂടുതലും ക്രിമിശല്യത്തിനിരയാകുന്നത്. നമ്മൾ ഇത്തിരി സൂക്ഷിച്ചാൽ നമുക്ക് നന്ന്. സൂക്ഷിച്ചാൽ ദു:ഖിക്കേണ്ടന്നല്ലേ പറയാറ്?"

"അത് കരുതി പുറത്തുവെച്ച് ഒരാളോടും സംസാരിക്കേണ്ടന്നാണോ?" സെമിനക്ക് സംശയം. "സംസാരിക്കേണ്ട എന്നല്ല ഇത്തിരി അടക്കത്തോടെ വേണം. നമ്മളെ എത്രയോ കണ്ണുകൾ ശ്രദ്ധിക്കുന്നുണ്ട് എന്ന ഓർമ്മയുണ്ടായാൽ മതി. " ഹർഷ പറഞ്ഞു. "ഹർഷ പറഞ്ഞതാ അതിന്റെയൊരു ശരി." മുനീറ ഏറ്റുപിടിച്ചു: "നമ്മൾ എത്ര സൂക്ഷിച്ചാൽ പോലും നമ്മെ ശല്യപ്പെടുത്തുന്നവരുണ്ട്. പിന്നെ ശ്രദ്ധിച്ചില്ലെങ്കിലുള്ള കാര്യം ഒന്നുപറയണോ?" ഇന്നത്തെ പെൺകുട്ടികൾക്ക് അവരുടേതായ സ്വപ്നങ്ങളും സങ്കൽപ്പങ്ങളുമുണ്ട്. പക്ഷെ വ്യക്തിസ്വാതന്ത്ര്യമില്ലാത്തതു കാരണം അവയൊന്നും സഫലമാകുന്നില്ല. "നമ്മുക്ക് മേലുള്ള നിയന്ത്രണങ്ങൾ മൂലമുള്ള പ്രയാസങ്ങൾ നമ്മൾ മനസ്സിലാക്കിയിട്ടും നമ്മളും ഒരവസരത്തിൽ നമുക്ക് വേണ്ടപ്പെട്ടവർക്കുമേൽ നിയന്ത്രണങ്ങൾ സ്ഥാപിക്കുന്നതിലെ യുക്തി മനസ്സിലാക്കാനാകുന്നില്ല." മുനീറ പറഞ്ഞു. ഇന്നലെ മരുമകളായി വന്ന സ്ത്രീയാണ് നാളെ അമ്മായിയമ്മയായി തന്റെ മരുമകളെ ഭരിക്കുന്നത്. ഇതിനു പിന്നിലെ മനശാസ്ത്രം പഠിക്കേണ്ടതുണ്ടെന്നു ഫൗസിയ. തങ്ങൾക്കുമേലുള്ള നിയന്ത്രണം പൂർണ്ണമായും എടുത്തുകളയണമെന്ന് ആർക്കും അഭിപ്രായമില്ല. "തങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ ഇത്തിരി നിയന്ത്രണങ്ങൾ ഉണ്ടാവാതെ തരമില്ലല്ലോ? സ്വാതന്ത്ര്യവും അവകാശവും അനുവദിക്കുക, അതിനെത്തുടർന്ന് വല്ല അപാകതകളുമുണ്ടെങ്കിൽ വേണ്ട വിധം പരിഹരിക്കുക." ഇതാണ് വൃദ്യക്ക് നിർദ്ദേശിക്കാനുള്ളത്. തങ്ങൾക്ക് സ്വാതന്ത്ര്യവും അവകാശങ്ങളുമൊക്കെ കിട്ടുന്നുണ്ടെന്ന് പറയുന്ന കുട്ടികളും ഇക്കൂട്ടത്തിലുണ്ട്. പപ്പയോടൊപ്പം സിനിമയ്ക്ക് പോകാനാകുന്നതും ഇഷ്ടമുള്ള വസ്ത്രം ധരിക്കാനാകുന്നതുമാണ് ഇവരെ സംബന്ധിച്ച് സ്വാതന്ത്ര്യം. ആൺകുട്ടികളെപ്പോലെയെങ്കിലും തങ്ങളെ പരിഗണിക്കണമെന്ന ഈ പിടക്കോഴികളുടെ കൂവലിനും കാലം എന്ന് ഉത്തരം നൽകുമെന്ന് കാത്തിരുന്ന് കാണാം.





## എ.എൽ.എം. ഹോസ്റ്റൽ

### വിഷയം: എന്റെ ജീവിതം

മനുഷ്യർ സാമൂഹ്യ ജീവിയാണ്. മറ്റുള്ളവർക്കിടയിൽ ജീവിക്കുമ്പോൾ പരസ്പരം ഇടപഴകേണ്ടി വരും. തമ്മിൽ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞാൽ മാത്രമേ സമാധാനപൂർണ്ണമായ ഒരു ജീവിതം നയിക്കാനാകൂ. ഇവിടെ നാം നടത്തുന്ന ഇടപെടലുകൾ (അതെത്ര വലുതായാലും ചെറുതായാലും ശരി) അന്യർക്ക് നഷ്ടം സമ്മാനിക്കുന്നതാകാറുണ്ടോ? നമ്മുടെ ജീവിതം കൊണ്ടുള്ള ലാഭവും നേട്ടവും സത്യത്തിലാർക്കാണ്. നാം ആർക്കുവേണ്ടിയാണ് ജീവിക്കുന്നത്?

"ഞാൻ ജീവിക്കുന്നത് ആദ്യം എനിക്കുവേണ്ടി മാത്രമാണ്. എന്റെ ജീവിതം ഏകദേശം ഭദ്രമായാൽ പിന്നെ കുടുംബത്തിന്റെ കാര്യം നോക്കും. കുടുംബം കൂടി രക്ഷപ്പെട്ടാലെ നാട്ടുകാരെപ്പറ്റി ചിന്തിക്കൂ." നൗഷാദിന്റെ ഈ വാദത്തോട് പക്ഷെ ഒന്നോ രണ്ടോ പേർ മാത്രമെ യോജിച്ചുള്ളൂ. സ്വന്തത്തെ സ്നേഹിക്കാത്ത ആർക്കും മറ്റൊരാൾക്കോ സമൂഹത്തിനോ വേണ്ടി സഹായം നൽകാൻ ആവില്ലെന്ന് ഇബ്രാഹിം വ്യക്തമാക്കി. എന്നാൽ ഇവർ തികച്ചും സ്വാർത്ഥതയോടെയാണ് സംസാരിക്കുന്നതെന്ന് മുനീർ ചൂണ്ടിക്കാട്ടി. "എന്റെ കുടുംബവും എനിക്കുവേണ്ടപ്പെട്ട സമൂഹവും ബുദ്ധിമുട്ടി വല്ല വിധേനയും കഴിയുമ്പോൾ എനിക്ക് എന്റെ സുഖം മാത്രം നോക്കി ജീവിക്കാനാവില്ല." - മുനീർ പറഞ്ഞു. ആധുനിക ലോകത്തിന്റെ തനി പ്രൊഡക്റ്റുകളിൽ നിന്നേ ഇത്തരം സ്നേഹശൂന്യമായ ആലോചനകൾ പുറത്തുവരൂ എന്ന് ഫായിസ് അഭിപ്രായപ്പെട്ടു. സ്വന്തം കാര്യം ശ്രദ്ധിക്കാതെ മറ്റുള്ളവരുടെ കാര്യം നോക്കി നടത്താൻ നമ്മുടെ മനസ്സ് അനുവദിക്കുന്നില്ലെന്നാണ് താൻ പറഞ്ഞതിന് അർത്ഥമെന്ന് ഇബ്രാഹിം പറഞ്ഞു. "ഒരു പക്ഷെ ഇക്കാലത്ത് അങ്ങനെ ജീവിക്കുന്നവരും ഉണ്ടാകാം. പക്ഷെ നമ്മളും അതുപോലെ ആവരുതെന്ന് മാത്രം." മറ്റുള്ളവരുടെ ദയനീയ മുഖം കണ്ട് ഒരാൾ എങ്ങനെ സുഖിച്ചു കഴിയും. അത് ആലോചിക്കാനെ കഴിയുന്നില്ലെന്ന് റിഫാത്ത് വ്യക്തമാക്കി. സമൂഹത്തെയും അന്യരെയും പണ്ടത്തെപ്പോലെ സ്നേഹിക്കാനും സഹായിക്കാനുമാവില്ലെന്നാണ് നൗഷാദിന്റെ അനുഭവം. "റോഡപകടത്തിൽ ഗുരുതരമായി പരുക്കേറ്റയാളെ ആശുപത്രിയിലെത്തിക്കാൻ സൻമനസ് കാണിച്ചാൽ ആ നല്ല മനസ്സ് അതോടെ മാറിക്കിട്ടും" മുഹമ്മദ് മോൻ അഭിപ്രായപ്പെട്ടു. "ഹോസ്പിറ്റിലെത്തിച്ച രോഗി രക്ഷപ്പെട്ടാലും ഇല്ലെങ്കിലും ആ കേസ് തീരും വരെ ഒരു സമാധാനവും നമുക്കുണ്ടാവില്ല" എന്ന് ജുമാനും പറഞ്ഞു.

അവസരം കിട്ടിയാൽ മാത്രമാണ് മറ്റുള്ളവർക്ക് താൻ ഉപകാരം ചെയ്യുകയെന്ന് മുഹമ്മദ് മോൻ. അന്യർക്കുവേണ്ടി ജീവിക്കുന്ന കാലം എന്നോ കഴിഞ്ഞുപോയെന്ന് പറയേണ്ടിയിരിക്കുന്നു, മുഹമ്മദ് മോൻ സങ്കടപ്പെട്ടു. "ഇന്ന് ഒരാൾക്കൊരുപകാരം ചെയ്താൽ അത് ഉപദ്രവമായി മാറുന്നു. ഉപകാരം ചെയ്ത് കൊടുത്താൽ തന്നെ അതിനു പിന്നിൽ പല വ്യാഖ്യാനവും കണ്ടെത്തുന്നു. ഉദാഹരണമായി കോളേജിൽ തന്നെ ഒരാൾക്ക് അത്യാവശ്യ സഹായം ചെയ്ത് കൊടുത്താൽ അതിനു പിന്നിൽ പല കാരണങ്ങളും ഊഹിച്ചെടുക്കും." ജുമാൻ ഇത് പറഞ്ഞപ്പോഴാണ് മുനീറിന് ഒരു കാര്യം ഓർമ്മ വന്നത്. "തന്റെ ജൂനിയറായി വന്ന ഒരുത്തന് ഒരുപകാരം ചെയ്ത് കൊടുത്തപ്പോൾ തന്റെ ഒരു കൂട്ടുകാരൻ ചോദിച്ചു. 'മുനീറേ, ഈ വർഷം ഏതു പോസ്റ്റിലാ മത്സരിക്കുന്നത്?' ഇതാണ് ഇപ്പോഴത്തെ സ്ഥിതി." - മുനീർ പരിതപിക്കുന്നു. 'ഇത്തരം പെരുമാറ്റങ്ങൾ പരോപകാരം ചെയ്യുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്നു. ഇക്കാരണത്താൽ പിന്നെയാരെയും സഹായിക്കാൻ നമുക്ക് മൂഡ് ഉണ്ടാവില്ല.' ഫൈസൽ അഭിപ്രായപ്പെട്ടു.

മത്സരയുഗമായതിനാൽ അന്യർക്കായി ജീവിക്കുമ്പോൾ നമ്മളേറെ പിന്നോട്ട് തള്ളപ്പെടുന്നുവെന്നതാണ് ഇബ്രാഹീമിന്റെ പരാതി. 'നമ്മുടെ കാര്യം നോക്കാൻ നമ്മൾ തന്നെ വേണം. മറ്റാരെങ്കിലും അതു ചെയ്തുതരുമെന്ന് വിശ്വസിക്കുന്നവൻ ഇക്കാലത്ത് മൂഢനാണ്.' ഇബ്രാഹിമിന്റെ വിശദീകരണം ഹോസ്റ്റൽ കുക്കായ അബ്ബാസ്ക്ക അംഗീകരിച്ചില്ല. 'അന്യരുടെ കാര്യം നോക്കിയാൽ നമ്മളില്ലാതാകുമെന്ന് ആരു പറഞ്ഞു? അന്യരെ സഹായിച്ചാൽ നമ്മൾ വളരുകയേയുള്ളൂ. ഇതിനുദാഹരണമാണ് മദർ തെരേസ.' മദർ തെരേസ സ്വാർത്ഥ താൽപര്യത്തിനുവേണ്ടിയാണ് പ്രവർത്തിച്ചത് എന്ന അഭിപ്രായമാണ് ഇബ്രാഹീമിനുള്ളത്. 'മതപ്രബോധനം എന്ന സ്വാർത്ഥ താൽപര്യം മദറിനുണ്ടായിരുന്നു.' മദർ തെരേസ വ്യക്തിപരമായി രോഗികളേയും അവശരേയും ആവോളം സഹായിച്ചു. ആ നല്ല മനസ്സിൽ ത്യാഗവും വാത്സല്യവും സ്നേഹവുമല്ലാതെ മറ്റൊരു വികാരവും ഉണ്ടായിരുന്നില്ല. മിഷിനറി പ്രവർത്തനം എന്ന നിലയിൽ ഒരു പക്ഷേ അവർ മതപ്രബോധനം നടത്തിയിരിക്കാം. വ്യക്തിപരമായി അന്യർക്ക് വേണ്ടി മാത്രം ജീവിച്ച അപൂർവ്വ വ്യക്തികളിൽ ഒരാളാണ് മദർ.' അബ്ബാസ്ക്ക വ്യക്തമാക്കി. തുടർന്ന് നടന്നത് ഗംഭീരൻ ചർച്ചയായിരുന്നു, മദർ തെരേസയുടെ പ്രവർത്തനങ്ങളെപ്പറ്റി.

**ഇന്നത്തെ ജീവിതം അടിമുടി സ്വാർത്ഥമായാണ് നീങ്ങുന്നതെന്ന് ചർച്ചയിൽ പങ്കെടുത്തവരെല്ലാം അഭിപ്രായപ്പെട്ടു. എന്നാൽ ഞാൻ സ്വാർത്ഥതയോടെയല്ല കാര്യങ്ങൾ ചെയ്യുന്നതെന്ന് എല്ലാവരും വ്യക്തമാക്കി. അപ്പോഴാണ് റഷീദിനൊരു സംശയം, 'ആരും സ്വാർത്ഥരെല്ലെങ്കിൽ**

പിന്നെയെങ്ങിനെ ഈ ലോകത്ത് സ്വാർത്ഥത ഉണ്ടാകുന്നു?' ജുമാന്റെ അഭിപ്രായത്തിൽ സാമൂഹ്യ പ്രവർത്തകർ ഉപകാരം ചെയ്യുമ്പോൾ സാമ്പത്തിക ലാഭമോ മറ്റു നേട്ടമോ തിരിച്ചു പ്രതീക്ഷിക്കരുത്. പക്ഷേ ഇന്നത്തെ പേരെടുത്ത സാമൂഹ്യപ്രവർത്തകരിലധികവും വലിയ പണക്കാരാണ്. പരോപകാരം പണം തട്ടാനുള്ള കുറുക്കുവഴികളാണെന്ന് മുഹമ്മദ് മോൻ അഭിപ്രായപ്പെട്ടു. ആൾ ദൈവങ്ങളും മറ്റും വമ്പൻ സ്ഥാപനങ്ങളിലൂടെ സൗജന്യമായി ജനങ്ങളുടെ അത്യാവശ്യങ്ങൾ സാധിപ്പിക്കുന്നു. സ്വകാര്യമായി അവർ ഇതിലൂടെ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു. ഏറ്റവും കൂടുതൽ ഉപകാരം ചെയ്യുന്നവർ ഡോക്ടർമാരാണ്. ആൾദൈവങ്ങളും മതപ്രബോധകരും മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലൂടെ സൗജന്യമായി ഇരകളെ കണ്ടെത്തുമ്പോൾ ഇവരുടെ സേവനം പുതിയ വല്ല പുലിവാലുമാകുമോ എന്ന് ചർച്ചക്കെത്തിയവർ ഭയക്കുന്നു.

ചുരുക്കത്തിൽ ജീവിതം സ്വാർത്ഥമയംതന്നെ. പക്ഷേ ഈ സ്വാർത്ഥത എല്ലാവർക്കും ഉപകാരപ്പെടുന്നതാകണം. ഇതാണ് എ.എൽ.എം ഹോസ്റ്റൽ നിവാസികളുടെ ആഗ്രഹം.

## പ്രസിഡന്റ്സ് ഹോസ്റ്റൽ

**വിഷയം:**

# എന്റെ ദൗർബല്യങ്ങൾ

ദൗർബല്യങ്ങളില്ലാത്ത മനുഷ്യരില്ല. ഓരോരുത്തരും അവരവരുടേതായ ദുർബലതകൾ കൊണ്ട്നടക്കുന്നു. ചിലർ അവസരം കിട്ടിയാൽ അതു പ്രകടിപ്പിക്കുന്നു. മറ്റുള്ളവർ പരമാവധി ഉള്ളിലൊതുക്കി കൊണ്ടുനടക്കുന്നു. 'എനിക്ക് ദൗർബല്യങ്ങളുണ്ടോ?' എന്ന ചോദ്യം തന്നെ തെറ്റാണെന്നാണ് മുഹമ്മദിന്റെ അഭിപ്രായം. ''തനിക്ക് ദൗർബല്യങ്ങളുണ്ടെന്ന് ഓരോ വ്യക്തിക്കും നന്നായറിയാം. ആ ദൗർബല്യങ്ങൾ പ്രകടിപ്പിക്കാതിരിക്കുന്നതിൽ എത്രമാത്രം വിജയം ലഭിക്കാറുണ്ട് എന്ന വിലയിരുത്തലാണ് യഥാർത്ഥത്തിൽ വേണ്ടത്." "നമ്മുടെ വലിയ ദുർബലതകൾ ഏതെന്ന് പരസ്യമായി പറയാതിരിക്കുന്നതല്ലേ നല്ലത്?" സുൽഫിക്കർ ചോദിക്കുന്നു. "നമ്മുടെ ദൗർബല്യങ്ങൾ നാം തിരിച്ചറിയുക. അവയിലെ തെറ്റുകൾ സ്വയം തിരുത്തുക." ഇതാണ് അഷ്റഫിന് നിർദ്ദേശിക്കാനുള്ളത്. എന്നാൽ നമ്മുടെ ദുർബലതകൾ ഒരു പക്ഷേ നമുക്ക് തന്നെ മനസ്സിലാകില്ലെന്ന് സുൽഫിക്കർ പറയുന്നു. സംസാരിക്കുമ്പോൾ എപ്പോഴും മൂക്കു ചൊറിയുന്നതും, ടെൻഷൻ വരുമ്പോൾ നഖം കടിക്കുന്നതും നമ്മൾ അറിയാറില്ലെന്ന് ഇർഷാദ്. മറ്റുള്ളവർ പറഞ്ഞാണ് നമ്മുടെ ദൗർബല്യങ്ങൾ നാം തിരിച്ചറിയാറുള്ളതെന്ന് അഷ്റഫും. നമ്മോട് വളരെ അടുത്ത് പരിചയമുള്ളവർക്കും നമ്മെപ്പറ്റി നന്നായി അറിയാമെന്ന് അക്രം. മുനാസിന്റെ അഭിപ്രായത്തിൽ പറ്റിപ്പോകുന്നതാണ് ദൗർബല്യങ്ങൾ. അറിഞ്ഞു ചെയ്താലും ദൗർബല്യം ദൗർബല്യം തന്നെയാണെന്ന് അസീസ് എതിർക്കുന്നു. അവസരം ഒത്തുവരുമ്പോഴാണ് ദൗർബല്യങ്ങൾ പുറത്തുവരികയെന്ന് മുനാസ് വ്യക്തമാക്കുന്നു.


ഇക്കാലത്ത് ദൗർബല്യങ്ങൾ പോലും പൊങ്ങച്ചമായി കണക്കാക്കുന്നുവെന്ന് അഷ്റഫ് പരാതിപ്പെടുന്നു. 'കിടക്കും മുമ്പേ ഒരു പെഗ്ഗ് അടിച്ചില്ലെങ്കിലോ ഉണർന്ന ഉടനെ ഒരു വിൽസ് വലിച്ചില്ലെങ്കിലോ അതിയാന് അന്നൊരു മൂഡുമുണ്ടാകില്ലെ'ന്ന് മേനി നടിക്കുന്ന കൊച്ചമ്മമാരുടെ കാലമാണിതെന്ന് ശരീഫും ചൂണ്ടിക്കാണിക്കുന്നു. പോസിറ്റീവ് മെന്റാലിറ്റിയുടെ വ്യക്തമായ അഭാവമാണ് ദുർബലതകൾക്ക് കാരണമെന്ന് മുഹമ്മദ് വിലയിരുത്തുന്നു. ഈ അഭിപ്രായം എത്രമാത്രം ശരിയാണെന്ന് അസീസ് ചോദിച്ചു. നിരാശയും സങ്കടവും ടെൻഷനുമൊക്കെയാണ് ഒരാളെ ദുർബലനാക്കിത്തീർക്കുന്നതെന്ന് രതീഷ്.

നിരാശ മാത്രമല്ല സന്തോഷം, ആഘോഷം തുടങ്ങിയ ഘടകങ്ങളും ഒരാളുടെ ദുർബലതകളെ വളർത്തുന്നുവെന്ന് അസീസ് പറയുന്നു. ഒരാൾ ഏകനായിരിക്കുമ്പോഴാണ് അയാളുടെ വീക്ക്നസുകൾ പ്രകടമാകുന്നതെന്ന ഇർഷാദിന്റെ അഭിപ്രായം ശരീഫ് തള്ളിക്കളയുന്നു. കാരണം, 'കമ്പനി കൂടി അടിച്ചുപൊളിക്കുമ്പോഴാണ് സ്വാലിഹായ കള്ളന്മാരെ പിടികൂടാനാവുക". യാത്രകളിലാണ് ദുർബലതകൾ കൂടെത്തന്നെ ഉണ്ടാവുകയെന്ന് മുഹമ്മദിനൊരഭിപ്രായമുണ്ട്. സിനിമകളിലും സീരിയലുകളിലും ഇഷ്ടപാത്രങ്ങൾ ചെയ്യുന്ന കാര്യങ്ങൾ അതേപടി അനുകരിക്കാൻ ശ്രമിക്കുന്നതാണ് ഇന്ന് യുവാക്കളിൽ കാണുന്ന പല വീക്ക്നസുകൾക്കും കാരണമെന്ന് മുനാസ് പറയുന്നു. കൂട്ടത്തിൽനിന്ന് ഒരാളെ തിരിച്ചറിയാൻ അയാളുടെ വീക്ക്നസ് ഉപകരിക്കുന്നുവെന്ന് ഇർഷാദ് കണ്ടെത്തുന്നു. "ഇത്തരം ദൗർബല്യങ്ങളില്ലെങ്കിൽ മിമിക്രിക്കാരും ഫലിതമെഴുത്തുകാരും കാർട്ടൂണിസ്റ്റുകളും ഉണ്ടാകുമായിരുന്നില്ല" ഇർഷാദ് കൂട്ടിച്ചേർത്തു.

പരിഹാസമാണ് ദൗർബല്യങ്ങൾ ഇല്ലാതാക്കാനുള്ള ഏക മാർഗമെന്ന് ചർച്ചക്കെത്തിയവർ ചൂണ്ടിക്കാണിക്കുന്നു. വീക്ക്നസ് പുറത്തുവരാനിടയുള്ള സാഹചര്യങ്ങളിൽ നിന്നും കൂട്ടുകെട്ടുകളിൽ നിന്നും കണ്ടറിഞ്ഞൊഴിഞ്ഞുമാറുക, എത്രയൊക്കെയായാലും വീക്ക്നസുകൾ തെറ്റുതന്നെയാണെന്ന് തിരിച്ചറിയുക, ദൗർബല്യങ്ങളെ പരിഷ്കാരവും മേനിനടിക്കാനുള്ള കാരണവുമായി മാറ്റിയ മോഡേൺ കാഴ്ചപ്പാട് ഉപേക്ഷിക്കുക, സിനിമ-സീരിയൽ തുടങ്ങിയവയിലെ കഥാപാത്രങ്ങളുടെ ദൗർബല്യരംഗങ്ങൾ സെൻസർ ചെയ്യുക തുടങ്ങിയവയാണ് വീക്ക്നസുകൾ ഒരു പരിധിവരെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങളായി പ്രസിഡന്റ്സുകാർ എണ്ണുന്നത്.

## സ്നേഹാഞ്ജലികൾ

ഞങ്ങളെ വിട്ടുപിരിഞ്ഞ
ഞങ്ങളുടെ പ്രിയപ്പെട്ട സാറിന്റെ
സ്മരണയ്ക്ക് മുന്നിൽ
പ്രാർത്ഥനാപൂർവ്വം.....







# ഫാറൂഖിന്റെ സ്വർഗ്ഗവാതിൽ കടന്ന് ...

ാഫ: അബ്ദുല്ല പെരിങ്ങാട്ട്
ാമേഴ്സ് വിഭാഗം

**പഠിച്ചും** പഠിപ്പിച്ചും പതിറ്റാണ്ടുകൾ, ഇവിടെ, ഈ കുന്നിൻ പുറത്ത്. ഓർക്കാനൊത്തിരി അവിസ്മരണീയ മുഹൂർത്തങ്ങൾ, വ്യക്തികൾ, അനുഭവങ്ങൾ, അനുഭൂതിവിശേഷങ്ങൾ. പ്രൊഫസർ ജലീൽ സാറിന്റെ മാസ്മരിക വ്യക്തിത്വം, പ്രൊഫ: ടി. അബ്ദുല്ല സാഹിബിന്റെ സ്നേഹസ്വരൂപം, മലയാണ്മയുടെ സജീവസാന്നിദ്ധ്യമായ പ്രൊഫ: എ.പി.പി. സാറിന്റെ മധുമൊഴികൾ, പ്രൊഫ: ബാബുപോൾ സാറിന്റെ മുഴങ്ങുന്ന ആംഗലേയാരവം, പ്രൊഫ: ശുക്കൂർ സാഹിബിന്റെ ഗർജ്ജനം ദിഗന്തങ്ങളെ ഭേദിക്കുന്നു; ഇനിയും മികവിന്റെ പ്രതീകങ്ങളായ ഗുരുവര്യർ. കാലത്തിനു മുമ്പെ നടന്നവർ, ചരിത്രം രചിച്ചവർ; തിരുത്തിയവരും.

എനിക്കെന്നെ നഷ്ടമായതും തിരിച്ചു കിട്ടിയതും ഇവിടെ നിന്നു തന്നെ. ക്ലാസ്മേറ്റ് മന്ത്രിയായതും, റൂംമേറ്റ് ഗൈനക്കോളജിസ്റ്റായതും, വിദ്യാർത്ഥി, സഹപ്രവർത്തകനായി ഇവിടെ പ്രിൻസിപ്പൽ പദവിയേറ്റതും, ശിഷ്യർ മെഗാസംരംഭകരായി ഉയരങ്ങൾ കീഴടക്കിയതും സിവിൽ സർവ്വീസിൽ കയറിയതും മറ്റും കാലത്തിന്റെ കുതൂഹലങ്ങൾ.

ആശയസംവാദങ്ങളും ചർച്ചകളും സെമിനാറുകളും ശില്പശാലകളും മുഖാമുഖങ്ങളും സുവനീറുകളും പുസ്തകങ്ങളും ക്ലാസ്സുകളും 'ഇന്നും ജീവിക്കുന്നു' എന്ന തോന്നൽ ബലപ്പെടുത്തുന്നു. ദേഹം മാറിയെങ്കിലും മനസ്സ് ഇന്നും പഴയ പ്രീഡിഗ്രി പയ്യന്റേത് തന്നെ.

ഭാര്യയെയും മക്കളെയും കൂട്ടി രാജാഗേറ്റ് കടന്ന് 'ആസാദി'ലെ ബദാം മരച്ചുവട്ടിൽ കുശലം പറയാൻ വന്ന പഴയാന്മ (പഴയ തലമുറക്കാരെ) 'പുതിയ കമ്പ്യൂട്ടർ വിദഗ്ദർ' പകച്ചു നോക്കുന്നത് പകയോടെയാണോ? അല്ല, വെറും കൗതുകത്താലോ? അവരിലെ 'കുട്ടിത്തം' ഇവരിലേക്ക് പകർന്നെങ്കിൽ... ഇവർക്കിടയിലെ മത്സരം പ്രകോപനങ്ങളിലേക്കും ഏറ്റുമുട്ടലിലേക്കും നയിക്കുന്നത് വേദനയോടെ നോക്കി നിൽക്കേണ്ടി വന്നെങ്കിലും അവസാനം അനുരഞ്ജനത്തിന് വഴിയൊരുക്കാനായതും ആഹ്ലാദകരമായ നിമിഷങ്ങൾ.

പട്ടിണിയും തൊഴിലില്ലായ്മയും പ്രശ്നങ്ങളും പച്ചമനുഷ്യരെ വീർപ്പുമുട്ടിക്കുമ്പോൾ അവർക്കാശ്വാസം പകരാൻ ഇവിടെ ജനിക്കേണ്ടത് സെക്കുലർ ഇന്ത്യയെ നയിക്കേണ്ട പുതിയ ചേതനകൾ തന്നെ. അവരുടെ കൊടികളുടെ നിറവും കുപ്പായത്തിന്റെ കുടുക്കുകളുമല്ല, അവരുടെ ആർദ്രത പൂണ്ട മിഴികളും സ്പർശിക്കുന്ന സ്വരങ്ങളും കണ്ണീരൊപ്പുന്ന കരങ്ങളും ഏറെ സന്തോഷിപ്പിക്കുന്നു. ബുദ്ധിയും വിജ്ഞാനവും ചിന്തയും മനുഷ്യ വിഭവത്തിന്റെ കരുത്തുയർത്തുന്നു. ലോകത്തെ കീഴടക്കാൻ, അമേരിക്കൻ പോലീസിന്റെ എല്ലൊടിക്കാൻ, ഇറാക്കിലും ബംഗ്ലാദേശിലും കോംഗോവിലും കണ്ണീരൊപ്പാൻ അവരുയരുമെങ്കിൽ കാമ്പസ് എത്ര ധന്യമായേനെ.


ഇനി പിരിയാൻ സമയമായി; കുസൃതികളും കുതൂഹലങ്ങളും നിറഞ്ഞ മനസ്സും തിളങ്ങുന്ന കണ്ണുകളും ചിന്തിക്കുന്ന യുവതയും മനസ്സിൽ നിന്നും മായുന്നില്ല.

മരണത്തിന്റെ കുളമ്പടിക്ക് കാതോർത്തു കഴിയുന്ന കാലത്തും 'നൊസ്റ്റാൾജിയ' കൂടപ്പിറപ്പായിരിക്കും. ഇനിയും ഒരങ്കത്തിനു ബാല്യമുണ്ട്. "ഓർമ്മകൾ തന്നുടെയോളങ്ങൾ ഓടക്കുഴൽ മീട്ടിയ......" ഇനിയും മരിക്കാത്ത ഓർമ്മകൾ പങ്കുവെക്കാൻ നാം മത്സരിക്കുന്നത് അവ സംസ്കാരിക സ്രോതസ്സുകളാണെന്നത് തിരിച്ചറിഞ്ഞതു കൊണ്ടു കൂടിയാണ്. നമ്മെ നയിക്കുന്നതും ജീവിക്കാൻ പ്രേരിപ്പിക്കുന്നതും ഈ ഓർമ്മകൾ തന്നെ. ചാലിയാറിലൂടെ ചാലിട്ടൊഴുകിയ ചുടുരക്തം മരിക്കാത്ത മനുഷ്യരുടേത് തന്നെ.

ഈ ഓർമ്മകളാൽ നമ്മുടെ വർത്തമാനവും ധന്യമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

യുവകവി മുജീബ് വഴിക്കടവിന്റെ ആദ്യ കവിതാസമാഹാരത്തെക്കുറിച്ച്

# കാഴ്ചകളുടെ കവി നൈരാശ്യത്തിന്റേയും





**കമറുദ്ദീൻ**
രണ്ടാംവർഷ മലയാളം


**ജാലകത്തിനപ്പുറത്തു** നടക്കുന്ന കാഴ്ചകളെ വളരെ പാടുപെട്ട് കാണാൻ ശ്രമിക്കുകയാണ്. 'ജാലകത്തിനപ്പുറത്ത്' എന്ന ശീർഷകം നൽകിയിട്ടുള്ള കവിതയിലൂടെ കാണേണ്ട പലതും കാണാൻ കൊതിക്കുമ്പോഴേക്കും കാഴ്ചകൾ കവിയിൽ ചത്തൊടുങ്ങുകയാണ്. മതങ്ങളുടെ പരസ്പര സംഘട്ടനങ്ങളാണ് മതങ്ങൾ ഇവിടെ നിലനിൽക്കുന്നു എന്നുള്ളതിന് ആകെയുള്ള അടയാളം.

"കവലകളിൽ ശാന്തി മന്ത്രങ്ങൾ
ഖഡ്ഗമേന്തി റോന്തുചുറ്റുന്ന"

കാഴ്ച, പക്ഷെ സമൂഹത്തിലെന്നപോലെ, കവിതകളിലും പുതുമയുള്ളതല്ല.

എന്റെ രക്തം നാളെ നീ
കുടിക്കില്ലെന്നെന്താണുറപ്പ്

എന്നു മുജീബ് സ്വതസിദ്ധമായ ശൈലിയിൽ ചോദിക്കുമ്പോൾ നമുക്കിടയിലെ ബന്ധങ്ങളുടെ ആഴവും പരപ്പും എത്രയാണെന്ന് പുന:പരിശോധനക്ക് വിധേയമാക്കാൻ നിർബന്ധിക്കുന്നു.

ഒരേ കാഴ്ചകളുടെ നിരന്തരമായ ആവർത്തനം നമ്മിൽ വിരസതയും നിസ്സാരതയും നിറച്ച് നിസ്സംഗരും നിഷ്ക്രിയരുമാക്കി തീർക്കുന്നുവെന്നതിൽ സംശയമേതുമില്ല. നിത്യം സംഭവിക്കുന്ന ദാരുണ മരണങ്ങളും, അപകടങ്ങളും നമ്മിൽ യാതൊരു ഞെട്ടലും ഉളവാക്കാറില്ലല്ലോ? ഈ കൊടിയ വിപത്ത്

അനുഭവങ്ങളാണ് നമ്മെക്കൊണ്ട് കവിതകളെഴുതിപ്പിക്കുന്നത് എന്ന് പറയാറുണ്ട്. ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് കാലെടുത്തുവെച്ചുകൊണ്ടിരിക്കുന്ന ഒരു ഇരുപതുകാരന്റെ അനുഭവങ്ങൾ അയാളെക്കൊണ്ട് പാടിപ്പിക്കുകയാണ്, ജീവിതത്തിന്റെ കയ്പിനെക്കുറിച്ച്, മരണത്തിന്റെ മാധുര്യത്തെക്കുറിച്ച്, പ്രണയത്തിന്റെ പുളിപ്പിനെക്കുറിച്ച്, സൗഹൃദങ്ങളിലെ എരിവിനെക്കുറിച്ച്. മനുഷ്യൻ പുറത്തേക്കുള്ള ജാലകങ്ങൾ കൊട്ടിയടച്ച് സമൂഹത്തിൽ നിന്നും - തന്നിൽ നിന്നുപോലും ഉൾവലിഞ്ഞ് നിസ്സംഗരാകാൻ ശ്രമിക്കുമ്പോൾ പേടിപ്പെടുത്തുന്ന രാത്രികളിൽ പോലും ജാലകം തുറന്നിട്ട്, തന്റെ ചുറ്റുമുള്ളവയുടെ സ്പന്ദനമറിയാൻ ശ്രമിക്കുന്ന മുജീബ് വഴിക്കടവിന്റെ പ്രഥമകൃതിയായ 'ജാലകത്തിനപ്പുറത്ത്' എന്ന കൃതി സമകാലിക ചുറ്റുപാടിൽ ഏറെ പ്രശംസിക്കപ്പെടേണ്ടതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ കൃതിയാണ്. 'കാഴ്ചകളുടെ കവി' എന്ന വിശേഷണത്തിന് അർഹനാകുന്നതാണ് 35 കവിതകളുള്ള ഈ ആദ്യകവിതാ സമാഹാരം.

മുജീബ് എന്ന കവിയിലും ഉള്ളതായി സംശയിക്കണം.

"ഇനിയീ ജാലകത്തിനരികത്തിരുന്ന്
കാണാനാവുന്നില്ല കാഴ്ചകളൊന്നുമേ..
ഈ കാഴ്ചകളെന്നിൽ മരിക്കുന്നു..."

മുജീബിന്റെ കവിതകളിലെ വിഷയങ്ങൾ തുലോം തുച്ഛമാണ്. പ്രണയവും അതിൽ നിന്നുടലെടുക്കുന്ന നൈരാശ്യവും, മരണവും, മരണാനന്തര ശാന്തതയും സൗഹൃദവും അതിന്റെ പിറകിലുള്ള കപടതയും കാലവും കാലം പ്രകൃതിയിലെ ചരാചരങ്ങളിൽ കാണിക്കുന്ന വൈരുദ്ധ്യ ഭാവങ്ങളും മുജീബിന്റെ കവിതകളിൽ ആവർത്തിച്ചുവരുന്നു.

മുഖംമൂടികൾ, പുതുഹൃദയങ്ങൾ പറയുന്നത്, വസന്തവും ദു:ഖവും, താളഭംഗം, വിപരീതങ്ങൾ, യാത്രാമൊഴി, മുത്തഖി, കാലം സാക്ഷി, യക്ഷികൾ എന്നീ കവിതകളിലുടനീളം സൗഹൃദത്തിന്റേയും മതാനുയായികളുടേയും പ്രകൃതിയുടെ തന്നെയും കാപട്യം മുജീബ് മറനീക്കി പുറത്ത് കൊണ്ടുവരുന്നു.

പ്രകാശമെഴുകുതിരികൾ
ആയിരം തെളിച്ചീടിലും
പ്രകാശിക്കില്ലയീ
മനസ്സുകളൊരിക്കലും "

(മുഖം മൂടികൾ)

എന്നുതന്റെ സുഹൃത്തുക്കളുടെ മനസ്സിനെക്കുറിച്ച് മുജീബ് പാടുന്നു. തനി ആധുനികരായി ജീവിക്കുന്ന തന്റെ സുഹൃത്തുക്കൾ പറയുന്ന ആധുനിക സത്യങ്ങളെ അപ്പാടെ വിഴുങ്ങാൻ മുജീബ് തയ്യാറല്ല.

ഈ വാക്കുകൾ സത്യമെന്നറി
യാനെന്തുണ്ട് വഴികൾ"

(പുതുഹൃദയങ്ങൾ പറയുന്നത്)

"അള്ളാഹു" എന്ന ശീർഷകത്തിൽ തികച്ചും ദൈവ പ്രീതി കാംക്ഷിച്ച് കവിത തയ്യാറാക്കിയ മുജീബ് പക്ഷെ തന്റെ മതപ്രവർത്തകരുടെ ജീവിതത്തിലെ കപടതയിൽ അരിശം കൊള്ളുന്നു.

"പുഴുത്തനാവിൻ തുമ്പിൽ
ദൈവവചനങ്ങൾ വീർപ്പുമുട്ടുന്നു
സത്യമിവരുടെ കാൽക്കീഴിൽ
ചീഞ്ഞു നാറുന്നു.
എന്നിട്ടുമീ ശവങ്ങിൾക്കിതു
സുഗന്ധമാണുപോലും"

(മുത്തഖി)

ഈ വരികൾ മതത്തെ ദുരുപയോഗം ചെയ്യുന്ന വ്യക്തികളുടെ കരണത്തടിക്കുന്ന വരികളാണ്. "താളഭംഗം" എന്ന കവിത കലയിലും ജീവിതത്തിലും പ്രകൃതിയിലും തെളിഞ്ഞും ഒളിഞ്ഞും നിൽക്കുന്ന കാപട്യത്തെ വ്യക്തമാക്കുന്നു. ഇന്ന് മോഹങ്ങൾ സ്വപ്നങ്ങളോട് ഏറ്റുമുട്ടി സ്വയം "താളഭംഗം" തീർക്കുന്നു.

''പുറമെ പൊഴിയും പുഞ്ചിരിക്കു പിന്നിൽ
അണപ്പല്ലിൻ മർമര ശബ്ദം" -(ഉറക്കം)

കേൾക്കാൻ കഴിയുന്ന കവിയുടെ നിരീക്ഷണപാടവം പ്രത്യേകം പരാമർശിക്കേണ്ടതാണ്.

മരണവും ഉറക്കവും മുജീബിന്റെ കവിതകളിൽ ആവർത്തിച്ചുവരുന്നു. അഭയം, ഉറക്കം, അന്ത്യസംഗമം, ആത്മനൊമ്പരങ്ങൾ, പുഴയോരത്ത്, മൂകസാക്ഷി എന്നീ കവിതകളിൽ മരണം അനിവാര്യമാണെന്നും അതിലേ ശാന്തതയുള്ളൂ എന്നും കവി പ്രഖ്യാപിക്കുന്നു.

"ഇനിയാണു സംഗമം
മണ്ണു മണ്ണോടു ചേരും സംഗമം"

(അന്ത്യസംഗമം)

"മരിക്കാനാണ് കൊതിയെനിക്കു
ജീവിക്കാനാണു ഭയമെനിക്ക്"

(പുഴയോരത്ത്)

"പോകുന്നു ഞാൻ
ഉറങ്ങുന്നു ഞാൻ
ഇന്നീ പുഴയോരത്ത്
മരിച്ചുറങ്ങുന്നു ഞാൻ"

(പുഴയോരത്ത്)

എന്നാൽ പോലും കവിക്ക് മരിക്കാൻ ഇത്തിരി മടിയുണ്ട്. കാരണം പൂത്തുനിൽക്കുന്ന പ്രകൃതിയും കത്തിനിൽക്കുന്ന താരങ്ങളും കവിയെ ജീവിതത്തിന്റെ കവിത പഠിപ്പിക്കുന്നു.

"കാതങ്ങളായ്
മരണമടഞ്ഞ
മനസ്സിൽ ജീവനായി
വന്ന ഇളം തെന്നൽ നീ"

(മൂകസാക്ഷി)

രാത്രിയോടും ഇരുട്ടിനോടും ഒരു പ്രത്യേക പ്രിയം തന്നെയുണ്ട് കവിക്ക്. പ്രകാശത്തിൽ ഇരുട്ടു കണ്ടെത്തിയ കവിയുടെ കാവ്യബോധം അഭിനന്ദനീയം തന്നെ. കൃതിയുടെ അവതാരികയിൽ ശ്രീ.കെ.ഇ.എൻ. മാഷ് പറയുന്നത് ഇവിടെ ചേർക്കാം. "വെളിച്ചത്തിനെന്തൊരു വെളിച്ചം" എന്ന നവോത്ഥാനത്തിന്റെ ഗംഭീരമായ വിസ്മയത്തിൽ നിന്നല്ല, മറിച്ച് ഇന്ന് പരസ്യപ്പെടുത്തുന്ന പ്രകാശങ്ങളിലൊക്കെയും ഇരുട്ടാണല്ലോ എന്ന പൊള്ളുന്ന വേദനയിൽ നിന്നാണയാളുടെ (മുജീ

ബിന്റെ) കവിതകൾ രൂപം കൊള്ളുന്നത്. എന്നാൽ കത്തിജ്വലിക്കുന്ന പ്രകാശസ്രോതസ്സുകൾ (പരസ്യങ്ങൾ) പോലും നമ്മെ ഇരുട്ടാണെന്നു തെറ്റിദ്ധരിപ്പിച്ച് ഉറക്കികിടത്തുന്നു. ഈ കാഴ്ചപ്പാടാകാം കവിയെ രാത്രി, ഉറക്കം എന്നീ ശീർഷകങ്ങളിൽ കവിത തയ്യാറാക്കാനും പല കവിതകളിലും ആവർത്തിച്ചുവരുന്ന വിഷയമായി ഇരുട്ടിനെയും, ഉറക്കത്തെയും കാണാനും കവിയെ പ്രേരിപ്പിച്ചിട്ടുണ്ടാവുക. ഉറക്കം, കാരാഗൃഹം, പുഴയോരത്ത്, രാത്രി, മേഘങ്ങൾ വീണ്ടും ഇരുളു തീർക്കുമ്പോൾ എന്നീ കവിതകൾ കവിയുടെ ഇരുട്ടിനെ ബിംബമാക്കാനുള്ള കഴിവിനുദാഹരണമാണ്.

സമൂഹത്തിലെ പ്രശ്നങ്ങളും കലാപങ്ങളും ഒരിക്കലും വിട്ടുപോകില്ലെന്നും പകലിനു ശേഷം രാത്രിയെന്ന പോലെ ആവർത്തിച്ചുവരുമെന്നും കവി പറയുന്നു.

ഇരുളായ് പെയ്തിറങ്ങും
പിന്നെയുമൊഴുകീടും
രക്തച്ചാലുകളീ
നിൻ മൃദുമേനിയിൽ...?

(മേഘങ്ങൾ വീണ്ടും
ഇരുളു തീർക്കുമ്പോൾ)

"രാത്രി......
കവിതപോലെ"

(രാത്രി)

"ഇരുട്ടിനെന്തൊരു ചന്തം!"

(രാത്രി)

"എൻ മനസ്സിലിന്നിനി
യീരാത്രിയോടു പ്രണയം"

(രാത്രി)

"കാരാഗൃഹത്തിൽ
ഇരുളെന്നെ തളർത്തുന്നു
എന്റെ തലക്കകത്തു
ധർമ്മങ്ങൾ കലഹിക്കുന്നു"

(കാരാഗൃഹം)

"കണ്ണുകെട്ടി
ഇരുട്ടു കൊയ്യുന്നതും
വെളിച്ചത്ത്
ഇരുട്ടിൽ മാറാല തീർക്കുന്നതും..."

(ഇരുട്ട്)

പ്രണയവും അതിലുടലെടുക്കുന്ന നൈരാശ്യവും ഏകാന്തതയും കവിയുടെ വരികളിൽ പ്രത്യക്ഷമാകുന്നു. പ്രേയസിയോട്, മഴ, അവൾ, വേർപ്പാട്, സ്നേഹമെവിടെ, പ്രണയചിന്തകൾ, മനസ്സിൻ വിതുമ്പലുകൾ, നശ്വരം, ഏകാന്തത, സന്ധ്യാനേരത്ത് എന്നീ കവിതകൾ പ്രണയത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ പ്രകടിപ്പിക്കുന്നു.

**ഒരന്വേഷണത്തിന്റെ ബാക്കി പത്രങ്ങൾ**

സത്യം തേടിയുള്ള യാത്രയിലാണ് ഈ കൃതിയിലുടനീളം കവി, പ്രണയത്തിലും, മരണത്തിലും, ജീവിതത്തിലും, ഇരുട്ടിലും, പ്രകാശത്തിലും, പ്രകൃതിയിലും, കാരാഗൃഹത്തിലും, (മതങ്ങളിൽ പോലും) സത്യമുണ്ടോ എന്നു കവി അന്വേഷിക്കുന്നു. തനിക്ക് ജന്മം നൽകിയ കടലും രൂപമേകിയ മണ്ണും തനി വ്യജന്മാരായിരുന്നുവെന്നും തന്റെ സ്വപ്നം തന്നെയായിരുന്ന കടൽ പോലും തന്നെ വഞ്ചിച്ചുവെന്നുമുള്ള സത്യങ്ങൾ കവിയെ പൊള്ളിക്കുന്നു. ഈ സത്യാന്വേഷണമാണ് മുജീബ് എന്ന യുവാവിന്റെ കരങ്ങളിൽ പേന പിടിപ്പിച്ചതും ജീവിതത്തിന്റെ കപടത മറ്റുള്ളവർ കേൾക്കെ പാടിപ്പിച്ചതും. അന്വേഷണങ്ങൾ പാതി വഴി കഴിഞ്ഞിട്ടും സത്യം കാണാഞ്ഞു മുജീബ് ചോദിക്കുന്നു.

"ഇനിയാരുണ്ടു ചൊല്ലുവാ -
നെന്നോടു സത്യങ്ങൾ....?"

(ഒരന്വേഷണത്തിന്റെ ബാക്കി പത്രങ്ങൾ)

" ശബ്ദമുഖരിതമാണീയുലകം-
എന്നിട്ടുമാവുന്നില്ല
കേൾക്കാ നൊന്നും"

എന്നു കവി നിസ്സഹായനാകുമ്പോൾ സഹതാപത്തേക്കാളേറെ നമ്മിൽ ഭയമാണ് ജനിപ്പിക്കുന്നത്. ഇത്രയും കോലാഹലങ്ങൾ ഉണ്ടായിട്ടും ഒന്നും കേൾക്കാനാവാത്തത് കാലത്തോടുള്ള വിരക്തിയോ സമൂഹത്തോടുള്ള പുച്ഛമോ ആവാം, കവിയെക്കൊണ്ട് ഇങ്ങനെയൊക്കെ പാടിച്ചത്.

ആധുനികരായ സുഹൃത്തുക്കൾ പക്ഷെ, മുജീബിന്റെ അന്വേഷണത്തെ പരിഹസിക്കുന്നു.

"അറിയാൻ വിതുമ്പുമെൻ മനസ്സും
അറിഞ്ഞാലും ലാഭമില്ലെന്ന്
മൊഴിയൂ സുഹൃത്ത്."

(പുതുഹൃദയങ്ങൾ പറയുന്നത്)

മുജീബിന്റെ കവിതകളിലെല്ലാം ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും ചങ്ങമ്പുഴയുടെയും ഒരു 'ടച്ച്' നിഴലിച്ചു നിൽക്കുന്നു. മലയാള കവിതാലോകത്തിന് തന്റെ സത്യാന്വേഷണങ്ങളിലൂടെ ഭാവിയിൽ ചെറുതല്ലാത്ത സംഭാവനകൾ നൽകാൻ ഈ യുവ കവിക്കാകുമെന്ന് പ്രതീക്ഷിക്കാം.

# മത വിശ്വാസം ക്യാമ്പസിൽ




തയ്യാറാക്കിയത്:
**ജലീൽ, നൗഷിർവാൻ**
രണ്ടാം വർഷ കെമിസ്ട്രി


**പത്തു** വർഷങ്ങൾക്കുമുമ്പ് 'ഫാറൂഖ്- 95' എന്ന ഫാറൂഖ് കോളേജ് മാഗസിൻ വിദ്യാർത്ഥികൾക്കിടയിൽ മതവിശ്വാസം ക്യാമ്പസ്സിൽ എന്ന പേരിൽ ഒരുസർവ്വേ നടത്തുകയുണ്ടായി. ഒരു പതിറ്റാണ്ടിനു ശേഷം മാറാടും ഒളവണ്ണയും ഗുജറാത്തും കഴിഞ്ഞപ്പോൾ ക്യാമ്പസ്സ് വിദ്യാർത്ഥികൾക്കിടയിൽ മതത്തോടും മതാചാരങ്ങളോടുമുള്ള സമീപനത്തിൽ വല്ല മാറ്റവും ഉണ്ടോ എന്ന് അന്വേഷിക്കുകയാണ് മാഗസിൻ സമിതി.

**വിശ്വാസവും വിദ്യാർത്ഥികളും.**

95 ൽ ക്യാമ്പസ്സിൽ മതത്തിൽ ഉറച്ചുവിശ്വസിക്കുന്നവരുടെ എണ്ണം 87.5% ആയിരുന്നു. എന്നാൽ ഇന്ന് ഇവരുടെ ശതമാനം

| | 2005 | 1995 |
|---|---|---|
| ഉറച്ചവിശ്വാസമുള്ളവർ | 90.19% | 87.5% |
| മതത്തിൽ വിശ്വാസമില്ലാത്തവർ | 09.81% | 12.5% |

**ദൈവത്തിന്റെ അസ്ഥിത്വം**

പ്രപഞ്ചത്തിൽ ദൈവം എന്ന അദൃശ്യ ശക്തിയുടെ സാന്നിധ്യം ഉണ്ടെന്ന് അംഗീകരിക്കുന്ന 98% പേരാണ് ഇന്നു ക്യാമ്പസ്സിലുള്ളത്. 95 ൽ ഇവരുടെ ശതമാനം 78.2 ആയിരുന്നു. ലോകത്തിന്റെ നിയന്ത്രണം ശക്തനും നിപുണനുമായ ദൈവത്തിന്റെ കയ്യിലാണ് എന്ന് 85% പേർ വിശ്വസിക്കുമ്പോൾ സന്തോഷകരവും സംതൃപ്തവുമായ ജീവിതത്തിന് ദൈവവിശ്വാസം നിർബന്ധമില്ലെന്ന് 27% പേർ വിശ്വസിക്കുന്നു.

**അന്ധവിശ്വാസങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ**

95-ലെ ക്യാമ്പസ്സിൽ ഈ ചോദ്യത്തിനുത്തരം തങ്ങൾക്ക് യാതൊരു വിധ അന്ധവിശ്വാസവുമില്ല എന്ന് ഏകപക്ഷീയമായിരുന്നു എന്നാൽ ശാസ്ത്രം ഏറെ പുരോഗമിച്ച ഇന്നത്തെ അത്യാധുനിക കാലത്തിലെ ക്യാമ്പസിൽ 5%പേർക്ക് പ്രേതം, ഭൂതം തുടങ്ങിയവയിൽ വിശ്വാസമുണ്ടെന്ന് പറയുന്നു. കാരണം ഈ അപകടകരമായ മാറ്റത്തിനു കാരണം ഈ 5 ശതമാനവും രാത്രികളിൽ ടി.വി ചാനലുകളിൽ ഇത്തരം സീരിയലുകളും മറ്റും സ്ഥിരമായി കാണുന്നവരാണ്.

**മാനുഷികമൂല്യങ്ങളും മതങ്ങളും നവീകരിക്കപ്പെടുന്നുവോ?**

മതവിശ്വാസം മനുഷ്യനെ ധാർമ്മിക മൂല്യങ്ങൾ മുറുകെ പിടിക്കുന്നവനാക്കി മാറ്റുമോ എന്ന ചോദ്യത്തിന് 95-ൽ 71% പേർ അതെ എന്നു പറഞ്ഞപ്പോൾ 2005 ആയപ്പോഴേക്കും ഇവരുടെ എണ്ണത്തിൽ വലിയ മാറ്റമുണ്ട്. 19% പേരേ തീവ്ര മതവിശ്വാസികളുടെ ധാർമ്മിക മൂല്യങ്ങളിൽ ഉറച്ചവിശ്വാസം പ്രതീക്ഷിക്കുന്നുള്ളൂ.

**ധാർമ്മികതയും മതവും പൊരുത്തപ്പെട്ടിരിക്കുന്നുവോ?**

ദൈവത്തിൽ വിശ്വസിക്കാത്ത ഒരാൾക്ക് നൻമയും മാനുഷികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന വ്യക്തിത്വം ഉണ്ടാകുമോ? അഥവാ മനുഷ്യനിലെ സൽസ്വഭാവങ്ങൾ ഈശ്വരവിശ്വാസിക്ക് മാത്രം അവകാശപ്പെട്ടതാണോ?

**മതവിശ്വാസമില്ലാത്ത ഒരാൾക്ക് നല്ലവ്യക്തി ആകാൻ പറ്റുമോ?**

| | 2005 | 1995 |
|---|---|---|
| സാധിക്കും | 89% | 38% |
| സാധ്യമല്ല | 10% | 45% |
| ഉത്തരമില്ല | 1% | 17% |

**ആചാരാനുഷ്ഠാനങ്ങൾ**

മതം അനുശാസിക്കുന്ന ആചാര അനുഷ്ഠാനങ്ങളിൽ കൃത്യത പാലിക്കുന്നവർ 95ൽ 79% ആയിരുന്നപ്പോൾ 10 വർഷത്തിനു ശേഷം ഇവരുടെ എണ്ണം 35% ആയി കുറഞ്ഞിരിക്കുന്നു. മനപൂർവ്വം ഒഴിവാക്കപ്പെടുന്നതല്ലെന്നും ശ്രമിച്ചിട്ടും അതിനു കഴിയാത്തതാണെന്നും 65% പേർ പറയുന്നു.

എന്നാൽ മതഗ്രന്ഥങ്ങൾ പാരായാണം ചെയ്തും അവ പറയും പ്രകാരം ആവും വിധം കർമം അനുഷ്ഠിച്ച് ജീവിക്കണമെന്ന നിർബന്ധം പിടിക്കുന്നവർ ഇന്നത്തെ ക്യാമ്പസിൽ 68% ഉണ്ട്.

ആചാര അനുഷ്ഠാനങ്ങളില്ലാത്ത മതം നിലനിൽക്കുന്നില്ലെന്നു 73% പേർ ഉറപ്പിച്ചും പറയുമ്പോൾ 24% നമ്മൾ ആചരിച്ചില്ലങ്കിലും മതം നിലനിൽക്കുമെന്ന് വിശ്വസിക്കുന്നു. 3% പേർക്ക് അതിന് വ്യക്തമായ ഉത്തരമില്ല.

**പാപപരിഹാരമാർഗ്ഗം**

മനുഷ്യനും ദൈവസൃഷ്ടിയാണ്. തെറ്റുകൾ സംഭവിക്കാം ജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും പാപം വന്നു പെട്ടാൽ എങ്ങനെ അതിൽ നിന്നും മോക്ഷം ലഭിക്കും? ഉറച്ചപശ്ചാത്താപമാണ് പാപഫലം കഴുകിക്കളയാൻ പറ്റിയ മികച്ച മാർഗ്ഗമെന്ന് അന്നും ഇന്നും കൂടുതൽ ആളുകൾ വിശ്വസിക്കുന്നു.

**പാപം കഴുകിക്കളയാൻ വഴിയെന്ത്?**

| | 2005 | 1995 |
|---|---|---|
| ഉറച്ച പശ്ചാത്താപം | 84% | 78% |
| മതകേന്ദ്രങ്ങളിലേക്ക് സംഭാവന നൽകുക | 4% | 14% |
| തീർത്ഥാടനം നടത്തുക. | 4% | 8% |
| വിധിയെന്നു കരുതി സമാധാനിക്കും | 2% | – |
| തെറ്റാവർത്തിക്കില്ലെന്നു ശപഥം ചെയ്യും | 2% | – |
| ഇതൊന്നുമല്ലാത്ത മറ്റു വഴിതേടും | 4% | – |

ഇതൊന്നുമല്ലാത്ത മറ്റു വഴി ഏത് എന്നു പറയാൻ 4% പേരും തയ്യാറായില്ല എന്നത് കൗതുകപരമായി തോന്നുന്നു.

**മതം കാരണമാക്കുന്ന സാമൂഹികപ്രശ്നങ്ങൾ?**

ഇന്ത്യയെപ്പോലെ ഒരുപാട് മതവിശ്വാസികൾ ഒരു മിച്ച് ജീവിക്കുന്ന ഒരു രാജ്യത്ത് വിവിധ മതക്കാരുടെ വൈരുദ്ധ്യവും വൈവിധ്യവുമാർന്ന ആചാരവും അനുഷ്ഠാനവും പരസ്പര ശത്രുതയും സംഘർഷവും ഉണ്ടാക്കുമോ?

**വ്യത്യസ്ത ആചാരങ്ങൾ സംഘർഷം സൃഷ്ടിക്കുമോ?**

| | സൃഷ്ടിക്കും | സൃഷ്ടിക്കില്ല | അറിയില്ല |
|---|---|---|---|
| 2005 | 23% | 77% | – |
| 1995 | 33% | 36% | 31% |

അഥവാ ഇങ്ങനെ ആചാരാനുഷ്ഠാനങ്ങളുടെ വൈരുദ്ധ്യം രൂക്ഷമായ സംഘർഷത്തിലേക്ക് വഴി തെളിയിക്കപ്പെടുകയാണെങ്കിൽ നാം എന്തു ചെയ്യണം എന്നതിനു 40% പേർ ഉടനടി തന്നെ ആ പ്രശ്നം സമാധാനപരമായ ചർച്ചയിലൂടെയും മറ്റും കൈകാര്യം ചെയ്യണമെന്നു പറയുമ്പോൾ എത്രയും വേഗം ആ പ്രദേശത്ത് ബലമുപയോഗിച്ച് സംഘർഷക്കാരെ തടയുകയാണ് വേണ്ടത് എന്ന് 32% പേർ അഭിപ്രായപ്പെടുന്നു സംഘർഷത്തിന് പൊതുവായ ആചാരത്തിനു മേലിൽ വിലക്കേർപ്പെടുത്തുകയാണ് നല്ലതെന്ന് 81% ത്തിനു അഭിപ്രായമുണ്ട്. എന്നാൽ ഗൗരവകരമായ ഈ ചോദ്യത്തിന് 20% എന്തു പരിഹാരം എന്നു വ്യക്തമാക്കാൻ തയ്യാറായില്ല.

**മതവും രാഷ്ട്രീയവും**

ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്നു വിശ്വസിക്കപ്പെടുന്ന ഇന്ത്യയിലെ ഒരു പൗരനു മതം വേറെയും രാഷ്ട്രീയം വേറെയുമാണോ? അതോ മതവും രാഷ്ട്രീയവും കൂട്ടികലർത്തേണ്ടതുണ്ടോ?

**മതവും രാഷ്ട്രീയവും കൂട്ടികലർന്നിട്ടുണ്ടോ?**

| | 2005 | 1995 |
|---|---|---|
| അതെ | 68% | 67% |
| അല്ല | 28% | 23% |
| ഉത്തരമില്ല | 4% | 10% |

**സമുദായിക സൗഹാർദ്ദം എങ്ങനെ നിലനിർത്താം?**

ഭീതി ജനകമായ ഒരന്തരീക്ഷത്തിലേക്ക് വഴുതിവീഴാതെ എങ്ങനെ നമ്മുടെ നാടിന്റെ സമാധാനം നിലനിർത്താം. മതപരമായ വർഗ്ഗീയ സംഘട്ടനങ്ങൾ ഇല്ലാതെ എങ്ങനെ ഒരു നല്ല സാഹചര്യം സൃഷ്ടിച്ചെടുക്കാം

**സമുദായിക സമാധാനം എങ്ങനെ നിലനിർത്താം?**

| | 2005 | 1995 |
|---|---|---|
| ചർച്ചകളിലൂടെ | 10% | 34% |
| പരസ്പര വിശ്വാസത്തിലൂടെ | 64% | 16% |
| ഭരണകൂടത്തിന്റെ കടുത്ത നടപടി വഴി | 10% | 50% |
| ഈ മൂന്നു പ്രക്രിയയും വഴി മതപരിവർത്തനം തടയണോ? | 16% | – |

മതം മനുഷ്യന്റെ സ്വകാര്യതയും വ്യക്തിപരവുമായ കാര്യമായതിനാൽ മതപരിവർവർത്തനം തടയേണ്ടതി



ല്ലെന്നു 90% വിദ്യാർത്ഥികളും അഭിപ്രായപ്പെടുന്നു.

ഇന്ത്യയെപ്പോലെ ഒരു പാട് മതക്കാർ നിവസിക്കുന്ന ഒരു രാജ്യത്ത് ഓരോ മതങ്ങളുടെ പേരിലും അവയുടെ ആചാര ആഘോഷ ദിവസങ്ങൾക്ക് പൊതുഅവധി ഗവൺമെന്റ് പ്രഖ്യാപിക്കാറുണ്ട്. ഇതിനെല്ലാം പുറമെ ദേശീയ അവധികളും ബന്ദ്, ഹർത്താൽ, പണിമുടക്ക് തുടങ്ങിയ സമരങ്ങളും ഇടക്കിടെ ഉണ്ടാകുന്നു. ഇത് ഇന്ത്യയുടെ സാമ്പത്തികമേഖലയെ കാര്യമായി ക്ഷീണിപ്പിക്കും. ഈ അവസരത്തിൽ ഓരോ മതത്തിന്റെയും ആഘോഷങ്ങൾക്ക് പൊതു അവധി നൽകേണ്ടതുണ്ടോ? 77% പേരും പൊതുഅവധി വേണമെന്നും എങ്കിലേ അന്നെങ്കിലും മറ്റുള്ളവരുമായി ചെലവഴിക്കാൻ സമയം കിട്ടൂ എന്നു വാദിക്കുമ്പോൾ അവധി പ്രത്യേകം പ്രത്യേകമാക്കാതെ ആഗസ്റ്റ്-15 ലെ സ്വാതന്ത്രദിനം പോലെ ദേശീയ ദിനങ്ങൾക്ക് മാത്രം ഒഴിവുമതിയെന്നു 21% പേർ പറയുന്നു 20%ത്തിന് പ്രത്യേകിച്ചൊരഭിപ്രായമില്ല

**മതത്തിന്റെ സ്വാധീനം**

നാം ജനിക്കുന്നതു തന്നെ ഏതെങ്കിലും ഒരുമതവിശ്വാസമായിട്ടാണ്. ആ മതത്തിന്റെ ചട്ടക്കൂട്ടിലാണ് നാം വളരുന്നതും. ഇങ്ങനെ മതങ്ങൾ നിങ്ങളുടെ ഭാഷ, സാഹിത്യം,ചിന്ത, സംസ്കാരം എന്നിവയെ സ്വാധീനിക്കുന്നു.

**മതത്തിലെ ഗ്രൂപ്പുകളും ജാതികളും**

അയിത്തവും തീണ്ടലുമെല്ലാം പോയെന്നു നാം വിശ്വസിക്കുന്നു. ഇക്കാലത്തും മതത്തിൽ ജാതി നിലനിൽക്കുന്നുണ്ടോ? സ്വന്തം മതങ്ങളിൽ ജാതിയേയോ (ഈഴവൻ, നായർ, ശൂദ്രൻ) ഗ്രൂപ്പുകളയോ(സുന്നി, ശിയാ, മുജാഹിദ്...) നിങ്ങൾ അംഗീകരിക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്നുണ്ടോ?

37%പേർ മാത്രമേ ഇത്തരം ഗ്രൂപ്പുകളെയും ജാതികളേയും പിന്തുണക്കുന്നുള്ളൂ. 63%വും ഇത്തരം ഗ്രൂപ്പുകളേയും ജാതികളേയും മടുത്തവരോ അവ തട്ടിപ്പാണെന്നു വിശ്വസിക്കുന്നവരോ ആണ്.

മതസംഘടനകളിൽ പ്രവർത്തിക്കുന്നവർ ക്യാമ്പസ്സിൽ ചുരുക്കമാണ്. 5% വളരെ ആക്ടീവായും 6%ആക്ടീവായും 21% വല്ലപ്പോഴും മാത്രം പ്രവർത്തിക്കുമ്പോൾ 68%പേർ മതപ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നു.

80% പേർ അന്യമതങ്ങളെപ്പറ്റി പഠിക്കാൻ ശ്രമിക്കുന്നു. 34% പേരും മതപുരോഹിതൻമാരിൽ തീരെ വിശ്വാസമില്ലാത്തവരാണ്. 64% പേരും മതപുരോഹിതൻമാരിൽ വിശ്വസിക്കുന്നു. 2%പേർക്ക് ഉത്തരമില്ല.

കാലം എങ്ങനെ മാറിയാലും ഇന്നത്തെ യുവാക്കൾക്ക് തങ്ങളുടെ വിവാഹക്കാര്യത്തിൽ മതത്തിന്റെ സാനിധ്യം നിർബന്ധമാണ്. വിവാഹക്കാര്യത്തിൽ മതം വേണ്ടാത്തവർ 32%പേർ ആണ്. ഇതിൽ തന്നെ 92% ഹിന്ദുമതക്കാരാണ്.

10 വർഷത്തിനിടയിൽ പല അഭിപ്രായങ്ങളിലും പുരോഗമനപരമായ വലിയ മാറ്റമുണ്ടായിട്ടുണ്ടെങ്കിലും ചില ചോദ്യങ്ങൾക്ക് കിട്ടിയ ഉത്തരങ്ങളിൽ നിന്നും മുൻകാലത്തേക്കാൾ നമ്മൾയുവാക്കൾ പിറകിലോട്ടുപോയിരിക്കുന്നു എന്നു കാണാം. നിസംഗതയും ലക്ഷ്യബോധമില്ലായ്മയും സ്വയം വിചിന്തനത്തിന്റെ അഭാവവും മറുപടികളിൽ വ്യക്തമാകുന്നുണ്ട്.

# ഓഫീസ് കാഴ്ച



തയ്യാറാക്കിയത്:
**ആസിഫ്**
ഒന്നാം വർഷ ഇക്ണോമിക്സ്

**കോളേജ്** ഓഫീസിന്റെ ജനറൽ സെക്ഷനിലും എക്കൗണ്ട് സെക്ഷനിലും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ കൂട്ടംകൂട്ടമായി നിൽക്കുന്നു. പരീക്ഷാഫീസടക്കുന്നതിനും, മാർക്ക് ലിസ്റ്റ് വാങ്ങുന്നതിനും. ക്ലാർക്ക് മാമുക്കോയക്ക ഫീസ് പിരിക്കുന്ന തിരക്കിലും വിദ്യാർത്ഥികളോട് തമാശ പറയുന്നുണ്ട്. അതിനിടയിൽ കോഷൻഡിപ്പോസിറ്റ് തിരിച്ചുവാങ്ങാൻ 3 വിദ്യാർത്ഥിനികൾ കാത്തിരിക്കുന്നു. ചുറ്റും നാലഞ്ച് വിദ്യാർത്ഥികളുമുണ്ട്. ഡിപ്പോസിറ്റ് തുക തിരിച്ചു കിട്ടിയിട്ട് കൂൾബാറിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലാണവർ. എൻ. പി. ഹമീദ്ക്ക ഒരു മാർക്ക് ലിസ്റ്റ് കാണാത്ത ഉൽക്കണ്ഠയിലാണ്. അതിനിടയിൽ ഒരു ഗസ്റ്റ് ഫാക്കൽറ്റി വന്ന് യു.ജി.സി.യിൽ നിന്നും തന്റെ സബ്സ്റ്റ്യൂട്ട് സാലറി വന്നോ എന്ന് അന്വേഷിക്കുകയാണ്. 'ഫീ കൺസഷൻ വിദ്യാർത്ഥികളുടെ അപേക്ഷകൾ പാസ്സായി വന്നിട്ടുണ്ടോ' ക്ലാർക്ക് അബ്ദുറഹ്മാൻക്ക അസിസ്റ്റന്റ് റസാഖിനോട് വിളിച്ചു ചോദിച്ചു.

ടെലിഫോൺ ബെല്ലടിക്കുന്നു. ഒപ്പം ഒന്നോ രണ്ടോ ഇന്റർകോമും ശബ്ദിക്കുന്നു. സൂപ്രണ്ട് കുഞ്ഞാലി സാർ ഫോണെടുത്ത് പരീക്ഷയുടെ തിയ്യതി ഒരാൾക്ക് പറഞ്ഞുകൊടുക്കുന്നു. സൂപ്രണ്ടിന്റെ മുമ്പിലുള്ള തപാലിൽ ഡി.ഡി ഓഫീസിൽ നിന്നുള്ള ഒരു സർക്കുലർ കിടക്കുന്നു. ജീവനക്കാരന്റെ നിലവിലുള്ള ആനുകൂല്യത്തിന് ഉടക്ക് വെക്കുന്ന സർക്കുലറായിരുന്നു അത്. ഈ വിവരം സൂപ്രണ്ട്, ക്ലാർക്ക് ഗഫൂറിനോട് പറയുന്നു. ഗഫൂറിന്റെ തനത് ശൈലിയിലുള്ള മറുപടി 'ഇനി വല്ലതും തടയാനുണ്ടോ?'

ഹെഡ്അക്കൗണ്ടന്റ് മജീദ്ക്കയുടെ മുമ്പിൽ 2 വിദ്യാർത്ഥികൾ വന്ന് നിൽക്കുന്നു. ഐഡന്റിറ്റി കാർഡില്ലാതെ ഫീസടക്കാൻ അനുമതി ലഭിക്കുകയാണ് അവരുടെ ലക്ഷ്യം. ഇൻകം ടാക്സ് ഓഫീസിൽ നിന്നും ഒരു പ്യൂൺ വന്ന് അദ്ധ്യാപകർക്ക് നൽകാനുള്ള ചില കടലാസുകൾ ക്ലാർക്ക് കുഞ്ഞിമോയിക്കയെ ഏൽപ്പിക്കുന്നു. അദ്ധ്യാപകരുടെ ടാക്സ് പിടിച്ചെടുക്കുന്നത് സംബന്ധിച്ചാണ് ഇരുവരും സംസാരിക്കുന്നത്.

1985 ൽ കോളേജിൽ പഠിച്ചിരുന്ന ഒരാൾ വന്ന് തന്റെ മാർക്ക് ലിസ്റ്റും ടി.സിയും കിട്ടിയിട്ടില്ല എന്ന് സെക്ഷൻ ക്ലാർക്ക് അബ്ദുൾ ഹൈറിനോട് പറയുന്നു. 2 ദിവസത്തിനുള്ളിൽ ഗൾഫിൽ പോവാനുള്ള തയ്യാറെടുപ്പിലാണെന്ന് തോന്നുന്നു കക്ഷി. ഉടൻ തന്നെ അബ്ദുൾ ഹൈർ പഴയ റിക്കാർഡുകൾ പരതി നോക്കുന്നു. മണിക്കൂറുകൾ പരതിയെങ്കിലും പേപ്പർ കണ്ടെടുക്കാൻ കഴിഞ്ഞില്ല. ഹൈർ അദ്ദേഹത്തോട് അപേക്ഷരൂപേണ പറയുന്നു. വീട്ടിൽ ഒന്നുകൂടി പരതി നോക്കൂ, ഇവിടെ ഞാനും ശ്രമിച്ചു നോക്കാം. പിറ്റേ ദിവസം രാവിലെ തന്നെ ഹൈറിന് ഒരു ഫോൺ കോൾ, തലേ ദിവസം വന്ന ആൾ വളരെ സന്തോഷവാനായി മാർക്ക് ലിസ്റ്റ് ലഭിച്ച വിവരം അങ്ങേതലക്കൽ നിന്ന് അറിയിക്കുന്നു.


ക്ലാർക്ക് കരീംക്ക ഒരു കുട്ടിയെ ക്ലാസിൽ നിന്നും സ്ലിപ്പ് നൽകി വിളിപ്പിക്കുന്നു. കുട്ടിയുടെ കണ്ടനേഷൻ അപേക്ഷയിൽ വന്ന പിശക് തിരുത്തുവാനും പരീക്ഷക്കെഴുതാൻ അവസരം ഒരുക്കു

കയുമായിരുന്നു കരീംക്കയുടെ ലക്ഷ്യം.

യൂനിവേഴ്സിറ്റി പരീക്ഷക്കുള്ള അപേക്ഷാ ഫോറം ഓഫീസിൽ സമർപ്പിക്കേണ്ട അവസാന തിയ്യതിയാണ് ഇന്ന്. സെക്ഷൻ ക്ലാർക്ക് സലീമിന്റെ മുമ്പിൽ നല്ല ക്യൂ ആണ്. അപേക്ഷകളിലുള്ള പിശകുകൾ പറഞ്ഞ് തിരുത്തിക്കുന്നതിന് വേണ്ടി.

മാഗസിൻ എഡിറ്റർ വന്ന് പി.പി. ഹമീദിനെ കാത്തിരിക്കുന്നു. പരസ്യം വകയിൽ എത്ര ബാക്കി കിട്ടാനുണ്ട് എന്നുള്ള കണക്ക് ആണ് സെക്ഷൻ ക്ലാർക്ക് മാഗസിൻ എഡിറ്ററോട് ചോദിക്കുന്നത്. പി.ടി.എ ക്ലാർക്ക് അസീസ്ക്കയുടെ മുമ്പിൽ ചില വിദ്യാർത്ഥികൾ അറ്റന്റൻസ് ഷോർട്ട് വന്നതിന്റെ ആശങ്ക പ്രകടിപ്പിക്കുകയാണ്. കോളേജ് യൂണിയൻ സെക്രട്ടറി വന്ന് പെട്ടെന്ന് യൂണിയൻ ഉൽഘാടനത്തിന് ഗസ്റ്റിനെ ക്ഷണിച്ചുകൊണ്ടുള്ള കത്ത് പ്രിന്റ് എടുത്ത് കിട്ടാൻ ടൈപ്പിസ്റ്റിന്റെ മുമ്പിൽ നിൽക്കുന്നുണ്ട്. ടൈപ്പിസ്റ്റ് അസ്ലമിന്റെ കംമ്പ്യൂട്ടർ സിസ്റ്റം പ്രിൻസിപ്പാളുടെ അടിയന്തര കടലാസുകൾ പ്രിന്റു ചെയ്യുന്നതിനാൽ, ടൈപ്പിസ്റ്റ് കെ.പി. നജീബ് യൂണിയൻ സെക്രട്ടറിയിൽ നിന്ന് കടലാസു വാങ്ങി എളുപ്പത്തിൽ ചെയ്തു കൊടുക്കുന്നു.

കുഞ്ഞി മുഹമ്മദ്ക്കയുടെ മുമ്പിൽ നാലഞ്ചു ദീപു വിദ്യാർത്ഥികൾ വന്ന് അവരുടെ സ്കോളർഷിപ്പു വന്നോ എന്ന് അന്വേഷിക്കുന്നു. രണ്ട് മൂന്ന് ബ്ലൈൻഡ് വിദ്യാർത്ഥികളുമുണ്ട് അടുത്ത്. അവരുടെയും ലക്ഷ്യം അവർക്കുള്ള സ്കോളർഷിപ്പ് തുക കൈപറ്റലാണ്. പക്ഷെ കുഞ്ഞിമുഹമ്മദ്ക്ക പൈസ എണ്ണി തിട്ടപ്പെടുത്തുന്ന തിരക്കിലാണ്. കാരണം ക്യാഷർ ഹംസക്ക ലീവായത് കാരണം പകരം കുഞ്ഞിമുഹമ്മദ്ക്കയാണ് അന്ന് ക്യാഷ് എടുത്തത്. പത്ത് പതിനഞ്ച് അദ്ധ്യാപകർ ശമ്പളത്തിനായി ഓഫീസിൽ നിൽക്കുന്നുണ്ട്. അതിനിടയിൽ കുഞ്ഞിമുഹമ്മദ്ക്ക എന്തോ ആവശ്യത്തിനായി പിന്നിലേക്ക് നിരന്തരം നോക്കുന്നുണ്ട്. മാമുക്കോയാക്കയും പല പേരുകളും വിളിച്ചു നോക്കുന്നു. കുഞ്ഞിമുഹമ്മദ്ക്ക തിരിഞ്ഞു നിന്ന് എച്ച്. എ. യോട് എന്തോ പറയുന്നു. എച്ച്.എ. ഉടനെ മേശപ്പുറത്തുള്ള ബെല്ലടിക്കുന്നു. ഇവരുടെയെല്ലാം ലക്ഷ്യം ഒന്നാണ് ഒരു അറ്റന്ററെ കിട്ടണം. പക്ഷെ ഒരാളെ പോലും ഓഫീസ് പരിസരത്തെങ്ങും കാണുന്നില്ല. എങ്ങനെ ഉണ്ടാവാൻ? പന്ത്രണ്ടോളം അറ്റന്റർമാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ നാലഞ്ചു പേർ മാത്രമെ ഉള്ളൂ. അവരെ പല ആവശ്യങ്ങൾക്കായി പ്രിൻസിപ്പലും സൂപ്രണ്ടും പുറത്തേക്കയച്ചിരിക്കുകയാണ്. പ്രി ഡിഗ്രി കോഴ്സ് മാത്രം കോളേജിൽ നിന്ന് വേർപെടുത്തിയപ്പോൾ 78-ഓളം ജീവനക്കാർ ജോലി ചെയ്തിരുന്ന സ്ഥാനത്ത് 42 പേർ മതിയെന്നാണ് സർക്കാർ നിയോഗിച്ച കമ്മീഷൻ പറയുന്നത്. കോളേജിൽ പഴയ കാലത്തേക്കാൾ പുതിയ പല കോഴ്സുകളും വന്നു, ഒപ്പം ജീവനക്കാരന്റെ ജോലി ഭാരവും പതിന്മടങ്ങ് വർദ്ധിച്ചു. പക്ഷെ പുതിയ സ്റ്റാഫിന്റെ നിയമനക്കാര്യം തഥൈവ. എന്നാലും ഈ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് പതിന്മടങ്ങ് ജോലി പേറി നിശബ്ദ സേവനം നടത്തുന്ന ഈ വിഭാഗത്തിന്റെ വിഷമം പങ്ക് വെക്കാൻ ആരുണ്ട്.........?



"ഇത്തവണയും ഇന്റർസോൺ കപ്പ് കോഴിക്കോട് ഫാറൂഖ് കോളേജിന് തന്നെ"

"ഇതിപ്പോ എത്രാമത്തെ തവണയാ?"

"അഞ്ചാമത്തെയോ ആറാമത്തെയോ പ്രാവശ്യമാണ് ഇങ്ങനെ തുടർച്ചയായി അവർ തന്നെ ഈ കപ്പ് സ്വന്തമാക്കുന്നത്...."

"തുടർച്ചയായി ഇങ്ങനെ കപ്പുയർത്താൻ അവർക്കെങ്ങനെ കഴിയുന്നു?!"

"അതാ ഞാനും ആലോചിക്കുന്നത്. എന്താണവരുടെ ശക്തി?!"

അതെ, പലർക്കും അറിയേണ്ടതതാണ്. യൂനിവേഴ്സിറ്റി തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന എല്ലാ കലാകായികമത്സരങ്ങളിലും ചാമ്പ്യൻമാരായി ഫാറൂഖ് കോളേജിന്റെ പേരു തന്നെ തുടർച്ചയായി മുഴങ്ങിക്കേൾക്കാൻ കാരണമെന്ത്?





തയ്യാറാക്കിയത്:
**സുറൂർ ഉമർ. പി.ടി**
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്.


**അബുസ്വബാഹ് മൗലവി** എന്ന 'പ്രഭാതത്തിന്റെ പിതാവിന്റെ' അനുഗ്രഹീത കരങ്ങളാൽ കൊളുത്തിവച്ച ദീപങ്ങളത്രയും ഇന്നും ജ്വലിച്ചു കൊണ്ടേയിരിക്കുന്നു, പൂർവ്വാധികം ശോഭയോടെ തന്നെ. ഫാറൂഖിന്റ വിജയകിരീടങ്ങളിൽ നേട്ടങ്ങളുടെയും അംഗീകാരങ്ങളുടെയും പൊൻതൂവലുകൾ ചാർത്തിയ ഒത്തിരിയൊത്തിരി പ്രതിഭകൾ തങ്ങളുടെ പേരും ചരിതവും പിൻതലമുറയ്ക്ക് പ്രചോദനമാകും വിധം കൊത്തിവെച്ചു കഴിഞ്ഞു; കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് മാഞ്ഞ് പോകാത്ത വിധം. ഇവർക്ക് ശേഷവും ഫാറൂഖിന് ഉയർത്തിക്കാട്ടാൻ (ഫാറൂഖിനെ ഉയർത്തിക്കാട്ടാനും) ഒത്തിരി പേർ ഇനിയും അവശേഷിക്കുന്നു. സ്വാനുഭവങ്ങളുടെ തനതായ ആവിഷ്ക്കരണത്തിലൂടെ എഴുത്തിന്റെ ലോകത്തേക്ക് എത്തിപ്പെട്ട മുജീബ് വഴിക്കടവ്, മാപ്പിളപ്പാട്ടിന്റെ ഇമ്പമാർന്ന ഇശലുകൾക്ക് മാറ്റത്തിന്റെ മൊഞ്ച് സമ്മാനിച്ച് കൊണ്ട് സലീം ചാലിയം, വരകളിലൂടെയും നിറക്കൂട്ടുകളിലൂടെയും തന്റെ സന്ദേശം ലോകർക്ക് എത്തിച്ച് കൊണ്ടിരിക്കുന്ന നിദ ഹമീദ്, ടി.വി അവതാരകയും നൃത്താധ്യാപികയുമായ ശ്രാവണ, വയലിൻ തന്ത്രികളിലൂടെ ജീവിതത്തെ വായിക്കാൻ മിടുക്കനായ ജിതിൻ ദാസ്, സപ്തസ്വരങ്ങളാൽ സംഗീതത്തിന്റെ അമൃതമഴ പൊഴിക്കുന്ന സിതാര

കൃഷ്ണകുമാർ, ഇവർക്കു പുറമെ അക്ബർ, ഹബീബ്, ജിജേഷ്, മനാഫ്, മിഥുൻഷാ, സനീഷ്, മഹിത, ഹാഷിം, ..... പ്രതിഭകളുടെ ലിസ്റ്റ് പിന്നെയും നീളുകയാണ്.

മാഗസിൻ സമിതി ഫാറൂഖാബാദിലെ കലാപ്രതിഭകളുമായി സംസാരിക്കാൻ ആഗ്രഹിക്കുന്നുവെന്നറിയിച്ചപ്പോൾ തങ്ങളുടെ പ്രിയപ്പെട്ട കോളേജിന്റെ മാഗസിനു വേണ്ടി കുറച്ചധികം സമയം ചെലവഴിക്കാൻ എല്ലാ തിരക്കുകളും മാറ്റിവെച്ചാണ് ഇവരിലധികപേരും എത്തിയത്.

**സലിം**- എം.എ. അറബിക് ഫോർത്ത് സെമസ്റ്റർ വിദ്യാർത്ഥി. മൂന്ന് വർഷം തുടർച്ചയായി ഫാറൂഖ് കോളേജിന് വേണ്ടി മെൻ ഒപ്പന പഠിപ്പിക്കുകയും ഇന്റർസോണിൽ ഒന്നാംസ്ഥാനം വാങ്ങികൊടുക്കുകയും ചെയ്തു. ഗായകൻ, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രശസ്തനാണ്.

**ശ്രാവണ** - എം.കോം തേഡ് സെമസ്റ്റർ വിദ്യാർത്ഥിനി. ഏഴു വർഷത്തോളം ഫാറൂഖ് കോളേജിനു വേണ്ടി ഭരതനാട്യം, മോഹിനിയാട്ടം, ഓട്ടൻ തുള്ളൽ, മോണോ ആക്ട്, പ്രച്ഛന്നവേഷം, ഫേൾക്ക് ഡാൻസ്, തുടങ്ങിയവയിൽ സമ്മാനങ്ങൾ വാരിക്കൂട്ടുന്നു. കഴിഞ്ഞ വർഷത്തെ ബിസോൺ കലാതിലക പട്ടം ചാർത്തുകയും ഫോർ ദി പീപ്പിൾ, അച്ചുവിന്റെ അമ്മ, എന്നീ സിനിമകളിൽ അഭിനയിക്കുകയും ചെയ്തു.

**മുജീബ്** - രണ്ടാംവർഷ അറബിക് വിദ്യാർത്ഥി (ആർ.യു.എ. കോളേജ്). കവി, എഴുത്തുകാരൻ, രണ്ടു വർഷം തുടർച്ചയായി കാലിക്കറ്റ് യൂനിവേഴ്സിറ്റിയിലെ ഇന്റർസോൺ സർഗ്ഗപ്രതിഭ.

**നിദാഹമീദ്** - രണ്ടാംവർഷ ബി.എസ്.സി ഫിസിക്സ് വിദ്യാർത്ഥിനി. കാർട്ടൂണിസ്റ്റ്, ആർട്ടിസ്റ്റ്, ഓട്ടനവധി വേദികളിൽ കൊളാഷ് എക്സിബിഷനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്റർസോണിൽ ഫാറൂഖ് കോളേജിന്റെ ആവനാഴിയിലെ സുപ്രധാന ഹസ്ത്രങ്ങളിലൊന്ന്.

**സിതാര കൃഷ്ണകുമാർ**- ഒന്നാം വർഷ ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥിനി. ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, ഒപ്പന, തിരുവാതിര, ഫോക്ക്ഡാൻസ് എന്നിവയിൽ സ്കൂൾ തലം മുതലേ പങ്കെടുത്തു വരുന്നു. ഗായിക, ഏഷ്യാനെറ്റ് മ്യൂസിക് ലൈവ് അവതാരിക, ആറ് വർഷത്തോളം മലപ്പുറം ജില്ലാ സ്കൂൾ യുവജനോത്സവങ്ങളിലെ കലാതിലകം.

**ജിതിൻദാസ്**- രണ്ടാംവർഷ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥി. കഴിഞ്ഞ വർഷത്തെ കാലിക്കറ്റ് യൂനിവേഴ്സിറ്റി ബി-സോൺ കലാപ്രതിഭ. വയലിൻ, ഗിത്താർ, പിയാനോ (കീബോർഡ്) എന്നിവയിൽ നിപുണൻ.

**അഭിലാഷ്**- ഫോർത്ത് സെമസ്റ്റർ ഇഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥി. നാടകനടൻ, തബലിസ്റ്റ്, പെർക്കഷനിസ്റ്റ്, മൂന്നിലേറെ വർഷം ഇന്റർസോണിൽ പാറൂഖ് കോളേജിന് മുടങ്ങാതെ പത്ത് പോയിന്റ് വീതം സമ്മാനിച്ചു.

ചോദ്യം ആരംഭിച്ചത് കുട്ടിക്കാലം തൊട്ടായിരുന്നു. അതായത് ആദ്യ പെർഫോമൻസും തുടർന്നുള്ള അനുഭവങ്ങളും.

സ്കൂൾ തലം മുതലോ അതിനു മുമ്പോ തന്നെ ഇവരിലെല്ലാവരും അരങ്ങേറ്റം നടത്തിയിരുന്നു. "ജീവിതത്തിന്റെ തീക്ഷ്ണാനുഭവങ്ങളാണ് എന്നെ എഴുതാൻ പ്രേരിപ്പിച്ചത്" മുജീബിന്റെ ഈ വാക്ക് തീർത്തും സത്യമാണെന്ന് മുജീബിന്റെ ആദ്യകൃതിയായ "ജാലകത്തിനപ്പുറ"ത്തിലെ "ചിന്ത" എന്ന കവിത തന്നെ തെളിയിക്കുന്നു. പ്രോത്സാഹനമാണ് തന്നെ ഇതുവരെ എത്തിച്ചതെന്ന് ശ്രാവണ വിലയിരുത്തുന്നു. മൂന്നാം വയസ്സിൽ ആൾ ഇന്ത്യ റേഡിയോയിൽ ശ്രാവണ അവതരിപ്പിച്ച ഒരു പ്രോഗ്രാമിനെപ്പറ്റി അമ്മയും മറ്റും പറഞ്ഞറിഞ്ഞുള്ള ഒരോർമ്മയുണ്ട്. "ഇതായിരിക്കാം തന്റെ ആദ്യ അരങ്ങേറ്റം"-ശ്രാവണ ഓർക്കുന്നു.



എട്ടാം വയസ്സിൽ സ്കൂളിൽ മോണോ ആക്ടിൽ ഫസ്റ്റ് വിത്ത് എ-ഗ്രേഡ് വാങ്ങി കലാപ്രതിഭയായ വ്യക്തിയാണ് സലിം ചാലിയം. "അന്നാണ് ഞാൻ എന്നെ മനസ്സിലാക്കിയത്"- സലിം പറയുന്നു. ഏറെ വൈകും മുമ്പെ തന്നെയുള്ള ഈ തിരിച്ചറിവ് അഹങ്കാരമായി പരിണമിക്കാതെ വളർച്ചയുടെ ആദ്യപടിയാക്കി മാറ്റി എന്നതാണ് ഈ ചാലിയത്തുകാരന്റെ വിജയരഹസ്യം.

സിതാരക്കും ആദ്യാനുഭവം മധുതരതരം തന്നെയായിരുന്നു. "എൽ.കെ.ജി. കാലത്ത് സംസ്ഥാന നഴ്സറി സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് കലാകുസുമപട്ടം നേടാനായി." -സിതാര അഭിമാനത്തോടെ ഓർക്കുന്നു. അഭിലാഷ് തബല വായന ആരംഭിച്ചത് സ്കൂൾ മത്സരവേദികളിലായിരുന്നുവെങ്കിലും പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിനു വേണ്ടി സ്റ്റേജിൽ കയറിയതാണ് ആദ്യാനുഭവമായി എണ്ണുന്നത്. നിദ താൻ വരച്ചു തുടങ്ങിയ സമയവും സന്ദർഭവും കൃത്യമായി ഓർക്കുന്നില്ല. ഓർമ്മ വച്ചനാൾ മുതൽ വരക്കാറുണ്ടെന്ന് നിദ പറയുന്നു. അഞ്ചാം ക്ലാസ് മുതലാണ് ബിഥോവന്റെയും, യാനിയുടെയും കടുത്ത ആരാധകനായ ജിതിൻദാസിന്റെ കയ്യിൽ വയലിൻ വന്നു ചേർന്നത്. "അന്നു മുതൽ എന്റെ കൂട്ടുകാരനായി കൂടെ തന്നെയുണ്ട് ഇവൻ. ഒറ്റക്കിരിക്കുമ്പോഴാണ് ഇവനോടെനിക്ക് കൂടുതൽ സംസാരിക്കാനിഷ്ടം." ജിതിൻ പറഞ്ഞതുകേട്ട് എല്ലാവരും ചിരിച്ചു.

സംഭവിച്ചതിത്രമാത്രം. ഇവരാരും തന്നെ കലാകാരൻമാരാവണമെന്ന് വിചാരിച്ച് ഇറങ്ങി തിരിച്ചവരല്ല. കാലത്തിന്റെയും കലയുടെയും നിരന്തരമായ വിളികേട്ട് കലാകാരൻമാരായി തീർന്നതാണ്; പ്രതിഭകളുള്ള കലാകാരൻമാർ. ശ്രാവണ, സലിം, സിതാര, ജിതിൻ എന്നിവർക്ക് കലയോട് പ്രഫഷണൽ സമീപനമാണുള്ളത്. നൃത്തം പഠിച്ചും പഠിപ്പിച്ചും ശ്രാവണ കഴിയുന്നു. സലീമും മാപ്പിള കലകൾക്ക് മാത്രമായി തന്റെ ജീവിതം നേർച്ചയാക്കിയിരിക്കുന്നു. ഒരു മുഴുവൻസമയ പ്രഫഷണലാകാൻ അഭിലാഷിനു പക്ഷേ താൽപ്പര്യമില്ല. "കാരണം ഇന്നത്തെ സാഹചര്യത്തിൽ ഒരു ഇൻസ്ട്രുമെന്റലിസ്റ്റിന് ഇതു കൊണ്ട്മാത്രം ജീവിക്കാൻ ബുദ്ധിമുട്ടാണ്. എങ്കിലും ഒരു ജോലിയോടൊത്ത് ഈ കലയെ നില നിർത്താൻ അഭിക്ക് താൽപ്പര്യമുണ്ട്. "ദൈവം തന്ന ഈ കഴിവ് ഒരിക്കലും നഷ്ടപ്പെടുത്തരുതല്ലോ?" സാമ്പത്തിക ലാഭമല്ല നിദയുടെയും ലക്ഷ്യം. കൊളാഷിലൂടെ കിട്ടുന്ന പേരും പ്രശസ്തിയും പോലും നിദക്ക് അസഹനീയമാണ്. എന്നാൽ, "താൻ കാരണം ഒരാൾക്കെങ്കിലും സന്മാർഗ്ഗം ലഭിക്കണം." നിദയുടെ സത്യസന്ധമായ ഈ ആഗ്രഹമാണ് പെരുകിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങളെക്കുറിച്ച് ഉചിതമായ ബോധവൽക്കരണം സാധ്യമാക്കും വിധത്തിൽ ചിത്രപ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രചോദനം.



### അംഗീകാരങ്ങൾ

കാലിക്കറ്റ് യൂനിവേഴ്സിറ്റി ഇന്റർസോണിൽ നിരവധി തവണ കലാതിലകമായ ശ്രാവണക്ക് തുടർച്ചയായി മൂന്നു തവണ ഭരതനാട്യത്തിൽ ഒന്നാം സ്ഥാനം കിട്ടിയതാണ് മികച്ച അംഗീകാരം. അഭിലാഷും സോണിൽ തുടർച്ചയായി മൂന്നു കൊല്ലം തബലയിൽ നേടിയ പ്രൈസുകൾ വലിയ അംഗീകാരമായി എണ്ണുന്നു. സലീമിനും, നിദക്കും, സിതാരക്കും, അംഗീകാരങ്ങൾ എണ്ണിത്തുടങ്ങിയാൽ തീരില്ല. ഡൽഹിയിൽ ഒരിക്കൽ ആർ.ഡി പരേഡിൽ പങ്കെടുക്കാൻ തെരെഞ്ഞെടുക്കപ്പെട്ട സലീം ആർ.യു.എ കോളേജിൽ പഠിച്ചിരുന്നപ്പോൾ ആ വർഷങ്ങളിൽ ഒപ്പനയിൽ എന്നും ഒന്നാം സ്ഥാനം അറബിക് കോളേജിന് തന്നെയായിരുന്നു. എന്നാൽ സലിം ഫാറൂഖ് കോളേജിന്റെ ഒപ്പന ടീമിൽ ചേർന്നതോടെ ആൺകുട്ടികളുടെ ഒപ്പനക്കുള്ള ഒന്നാം സമ്മാനം തുടർച്ച

യായി ഫാറൂഖ് കോളേജിന്റെ മാത്രം കുത്തകയായി മാറി. "എല്ലാം പടച്ചവന്റെ അനുഗ്രഹം" സലിം മുകളിലേക്ക് നോക്കി പറഞ്ഞു.

"കഴിഞ്ഞവർഷം ഇന്റർസോണിൽ ഒപ്പനടീമിൽ ഞാനുണ്ടായിരുന്നില്ല. പഠിപ്പിച്ചതെല്ലാം വേണ്ട വിധത്തിൽ ഒപ്പനടീമിലുണ്ടായിരുന്ന കൂട്ടുകാർ വേണ്ട പോലെ പ്രാവർത്തികമാക്കിയപ്പോൾ ഫാറൂഖ് കോളേജിന് ഗ്രൂപ്പ് ഐറ്റങ്ങളിൽ ഒപ്പനക്ക് മാത്രം ഒന്നാം സമ്മാനം ലഭിച്ചു". സലിം ഓർക്കുന്നു. അതെ, സലീമിന് പഠിപ്പിക്കപ്പെടുന്നവർ പോലും കൂട്ടുകാരാണ്. ഈയൊരു സുഹൃത്ബന്ധമാണ് തനിക്ക് ഇത്രയും പ്രോത്സാഹനവും, പ്രചോദനവുമായതെന്ന് സലീം വ്യക്തമാക്കുന്നു. നിദാഹമീദിനാകട്ടെ യുനെസ്കോയുടെ ബെസ്റ്റ് ആർട്ടിസ്റ്റ് അവാർഡും, ഒയിസ്കയുടെ ഗ്രീറ്റിംഗ് കാർഡ് നിർമ്മാണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടാനായതുമാണ് മികച്ച അംഗീകാരങ്ങൾ. സ്കൂൾ, പ്ലസ്ടു പഠനകാലത്ത് സംസ്ഥാന യുവജനോത്സവങ്ങളിൽ വയലിൻ വായനയിൽ തുടർച്ചായി ഒന്നാം സ്ഥാനം നേടിയ ജിതിൻ ദാസിന് ലണ്ടൻ ട്രിനിറ്റി കോളേജിന്റെ വയലിൻ മത്സര പരീക്ഷയിൽ വിന്നർ ആകാൻ കഴിഞ്ഞു എന്നതാണ് കരിയറിലെ മികച്ച നേട്ടങ്ങളിൽ ഒന്ന്. കഴിഞ്ഞ വർഷങ്ങളിൽ സ്വരലയ-കൈരളി-യേശുദാസ് അവാർഡും, ഏഷ്യാനെറ്റ് സപ്തസ്വരങ്ങൾ അവാർഡും, ജീവൻ ടി.വി യുടെ വോയിസ്-2004 അവാർഡും നേടിയ സിതാര കൃഷ്ണകുമാറിന് 2002- ലെ ബാബുരാജ് മ്യൂസിക് അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. എന്നാൽ ഫാറൂഖ് കോളേജിന് വേണ്ടി ഇന്റർസോണിൽ കഴിഞ്ഞ വർഷം ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം എന്നിവയിൽ ഒന്നാം സ്ഥാനം ലഭിച്ചതും, മലപ്പുറം ജില്ലാ സ്കൂൾ യുവജനോത്സവത്തിൽ ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം എന്നിവയിൽ ആറ് വർഷം തുടർച്ചയായി ഒന്നാം സമ്മാനം ലഭിച്ചതും എടുത്തു പറയേണ്ടതാണ്. കഴിഞ്ഞ വർഷം ഇന്റർസോണിൽ സർഗപ്രതിഭയായ മുജീബിനാകട്ടെ തന്റെ ആദ്യ കവിതാസമാഹാരമായ 'ജാലകത്തിനപ്പുറത്ത്' എന്ന കൃതിക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന അനുമോദനങ്ങളും അഭിനന്ദനങ്ങളുമാണ് മികച്ച അംഗീകാരം. "സഹൃദയരായ ആസ്വാദകരാണല്ലോ ഒരെഴുത്തുകാരന്റെ ഏറ്റവും വലിയ നേട്ടം?" മുജീബ് ചോദിക്കുന്നു.


**ഭാവിയിൽ**

മോഡലിംഗ്, സിനിമ ഇവക്ക് പുറമെ നൃത്തത്തിൽ തന്നെ കൂടുതൽ ശ്രദ്ധിക്കാനാണ് ശ്രാവണയുടെ ശ്രമം. ശ്രാവണ അഭിനയിച്ച പുതിയ സിനിമയായ ജയരാജിന്റെ ബൈ ദി പീപ്പിൾ ഉടൻ പ്രദർശനത്തിനെത്തുന്നുണ്ട്. "നിങ്ങളെല്ലാരും അത് കാണണം." ശ്രാവണ ഓർമിപ്പിച്ചു. സലീമിനുമുണ്ട് ചെറിയൊരു ആഗ്രഹം; ഒരു വലിയ കോളേജിൽ അധ്യാപകനാകണം. "മറ്റെവിയെടുമല്ല, നമ്മുടെ ഈ ഫൈവ്സ്റ്റാർ ഫാറൂഖ് കോളേജിൽ തന്നെ"-സലിം വ്യക്തമാക്കി. "ഒരു പത്രപ്രവത്തകാനായാലേ തന്റെ ജീവിതം ഒന്നു കൂടെ അർത്ഥപൂർണ്ണമാകൂ. അതും പ്രബുദ്ധ കേരളത്തിലെ പ്രചാരമുള്ള പത്രങ്ങളിലേതെങ്കിലുമൊന്നിൽ." മുജീബ് തന്റെ സ്വപ്നം തുറന്ന് പറഞ്ഞു. സിതാര നൃത്തത്തിലും സംഗീതത്തിലും പുതിയ ചില പടവുകൾ കൂടി കയറിപ്പറ്റാൻ ശ്രമിക്കുന്നു. അതിനുള്ള ഒരുക്കത്തിലാണ് ഫാറൂഖാബാദിന്റെ ഈ വാനമ്പാടി. "ചാനൽ അവതാരികയായി തിളങ്ങിയ സിതാരയ്ക്ക് നല്ലൊരു സിനിമ നടിയാവാൻ കൂടിയുള്ള ഭാവിയുണ്ട്" സലിം ഇതു പറഞ്ഞപ്പോൾ നിദഹമീദ് ഇത്രയും കൂട്ടിച്ചേർത്തു. "അതേയതേ, സിതാര സിനിമാനടിയാവുമെന്ന് ഉറപ്പാണ്." "എന്തിനാ ഇങ്ങനെ ഈ പാവത്തെ തിന്നുന്നത്. ഒരരികിലൂടെയിങ്ങനെ ജീവിച്ചു പൊയ്ക്കോട്ടെ."-സിത്താര ചിരിച്ചു.

ഫാറൂഖ് കോളേജിലെ പഠനം പൂർത്തിയായാൽ ലണ്ടൻ ട്രിനിറ്റി കോളേജിൽ ചേരുകയെന്നതാണ് ജിതിന്റെ ലക്ഷ്യം. മറ്റെന്തെങ്കിലും ജോലിയോടു കൂടെ തങ്ങളുടെ കലകളെ പരിപോഷിപ്പിക്കണമെന്നതു മാത്രമേ നിദാഹമീദിനും അഭിലാഷിനും ഉദ്ദേശമുള്ളൂ.

എല്ലാവർക്കും തങ്ങളെ പഠിപ്പിച്ചവരോടും, കൂട്ടുകാരോടും, രക്ഷിതാക്കളോടും ഹൃദയം നിറഞ്ഞ കടപ്പാടുകളുണ്ട്. "അവരുടെയെല്ലാം പേരുകൾ എടുത്തു പറഞ്ഞാൽ ആരുടെയെങ്കിലും പേരു വിട്ടുപോയേക്കാം. അത് അവരുടെ മനസിനെ വേദനിപ്പിക്കും. അതു വേണോ?- അഭിലാഷ് ചോദിക്കുന്നു.

അതെ എല്ലാവരോടും കടമകളും കടപ്പാടുകളും മനസിൽ സൂക്ഷിച്ച് ഈ പ്രതിഭകൾ വളരുകയാണ്; അംഗീകാരങ്ങളുടെ പെരുമഴയിൽ മൂടിപ്പുതച്ചുറങ്ങാതെയും, ബുദ്ധിമുട്ടുകളുടെ കൊടുംചൂടിൽ തുടിപ്പു നിലക്കാതെയും. ഇവരുടെ സ്വപ്നസാഫല്യത്തിനായി നമുക്കും പ്രാർത്ഥിക്കാം. ഇവരിലൂടെ നാളെ വംശനാശം സംഭവിക്കുന്ന കലകൾക്ക് പുനരുജ്ജീവനം സാധ്യമാകുമല്ലോ എന്ന് പ്രത്യാശ പ്രകടിപ്പിക്കാം.



# പുതുമൊചാല്ലുകൾ

**മുഹമ്മദലി**

രണ്ടാം വർഷ സോഷ്യോളജി.

1. കറണ്ടില്ലാത്തോർ പവർകട്ടിനെ പേടിക്കണോ?
2. സീരിയല് മുടങ്ങിയ കൊച്ചമ്മയെ പോലെ
3. റിംഗ് ചെയ്യുന്നതെല്ലാം മൊബൈലല്ല.
4. അല്പനു മൊബൈൽ ഫോൺ കിട്ടിയാൽ അർദ്ധരാത്രിയും മിസ്കാളടിക്കും.
5. ഷോക്കേറ്റവനു കറന്റുബില്ലു കിട്ടുക.
6. ഡിഷോളം വരുമോ ഡിഷ്ആന്റിന?
7. റെഞ്ചില്ലാത്ത മൊബൈൽ പോലെ
8. ചിരിക്കാത്ത സഹപാഠിയേയും അടിക്കാത്ത അധ്യാപകനേയും സൂക്ഷിക്കണം.
9. മഞ്ച് കണ്ട കുട്ടിയെപ്പോലെ.
10. ക്ലാസ്സിൽ കയറാത്തവൻ റാങ്കും കൊണ്ടു പോയി.
11. സീരിയൽ കണ്ടാൽ പോരെ, ചാനലെണ്ണണോ?

# ശലഭങ്ങൾക്കു പിറകെ ദേശാടനപക്ഷികളും പറന്നകലുന്നു....



നൗഫൽ

ഒന്നാം വർഷ സുവോളജി

**പ്രീഡിഗ്രി** ശലഭങ്ങളുടെ പിൻവാങ്ങലിനുശേഷം ഫാറൂഖാബാദ് ക്യാമ്പസ് പൂവാടിയുടെ അസഹനീയമായ നിശബ്ദത ഏറെകുറേയില്ലെന്ന് വരുത്തി തീർക്കുന്ന രീതിയിൽ പെരുമാറിയിരുന്നത് ദ്വീപിൽ നിന്നും കടലും കടന്നെത്തിയ ദ്വീപുനിവാസികളായ ദേശാടന പക്ഷികളായിരുന്നു.

കൂട്ടമായി മാത്രം നടക്കുക, തമ്മിൽ കണ്ടാൽ സ്വന്തം ഭാഷയിൽ മാത്രം കുശലാന്വേഷണങ്ങൾ നടത്തുക, കുട്ടിരാഷ്ട്രീയങ്ങളിൽ പെടാതെ തന്ത്രപൂർവ്വം മാറിനിൽക്കുക തുടങ്ങി ക്യാമ്പസിലെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കുന്ന ഘടകങ്ങളേറെയുണ്ട്. അറിവിന്റെ ധാന്യങ്ങൾ കൊത്തിപ്പെറുക്കുന്നതിനായി പറന്നെത്തിയ ഈ ദ്വീപുപറവകൾക്ക്.

ക്യാമ്പസിലെ ഈ വർണ്ണ പക്ഷികൾ തിരിച്ചുപറക്കാൻ ഒരുങ്ങുന്നു, ഇനിയൊരുപക്ഷേ ഒരിക്കലും ഈ നാട്ടിലേക്കില്ലെന്നമട്ടിൽ; ഓർമ്മകളിൽ മധുരം പകർന്ന്, ഹൃദയങ്ങളിൽ നൊമ്പരം ബാക്കിയാക്കി ബന്ധങ്ങൾക്ക് വിശ്വാസ്യത തീർത്ത് സ്നേഹത്തിന് പ്രാർത്ഥനാപൂർവ്വം നന്ദിയുമോതി.....

ദ്വീപിൽ തന്നെ ഉപരിപഠനത്തിന് അവസരമൊരുങ്ങുന്നു എന്ന വാർത്ത ലക്ഷദ്വീപിൽ നിന്നെത്തിയ വിദ്യാർത്ഥികൾ സ്വീകരിച്ചത് സമ്മിശ്ര പ്രതികരണങ്ങളോടെയായായിരുന്നു.

'കേരളത്തിൽ നിന്നുപോകുന്നു...'

ചിലർക്ക് ഇതാലോചിക്കാൻ പോലുമാകുന്നില്ല, ഒരുതരം വിശ്വാസമില്ലായ്മ. കേരളത്തിൽ വന്നാൽ ദ്വീപിലേക്കും ദ്വീപിലാവുമ്പോൾ കേരളത്തിലേക്കും പോകാൻ താൽപര്യമേ തോന്നാത്ത ഒന്നാം വർഷ സോഷ്യോളജിയിലെ നസറുള്ളയെപോലുള്ളവർ എന്തു പറയണമെന്നറിയാതെ കുഴങ്ങുന്നു. 'ഇവിടെയാവുമ്പോൾ ഗൃഹാതുരത്വമേ തോന്നാറില്ല എന്നാൽ ഇവിടുത്തുകാരോട് എന്തോ ഒരു അസൂയ തോന്നാറുണ്ട്, വല്ലപ്പോഴും'-നസറുള്ള മറച്ചുവച്ചില്ല. പക്ഷെ അനീസയ്ക്കങ്ങനെയല്ല. 'ദ്വീപിലെ ഭക്ഷണങ്ങളുടെ രുചിയൊന്നു വേറെത്തന്നെയാണ്. സ്വർഗ്ഗത്തിൽ പോലും ഇത്തരം രുചികരമായ ഭക്ഷണം കിട്ടുമോ ആവോ?!'

ദ്വീപ് അല്ലെങ്കിൽ വീട് ഓർമ്മ വരുമ്പോൾ എന്തോ ഒരു അസ്വസ്ഥത അനുഭവപ്പെടാറുണ്ട്. ഒന്നാം വർഷ മലയാളത്തിലെ ഇർഷാദ് ദ്വീപ് ഇഷ്ടപ്പെടുന്നത്. ഇത്തരം മധുര



സ്മരണകൾ കാരണമാണ്. "നസറുള്ളയെ വീട്ടിൽ നിന്നും ആട്ടി വിട്ടതാകും. ഞങ്ങളെ അങ്ങനെയല്ല ല്ലോ.?" ഇർഷാദ് ചോദിക്കുന്നു.

(രണ്ടാം വർഷ അറബിക്കിലെ അഷ്റഫ് ജസരിയിൽ ഇർഷാദിനോട് എന്തോ പറഞ്ഞു. രണ്ടുപേരും ഉറക്കെ ചിരിക്കുന്നു. അസീദയും സജ്നയും കാര്യമെന്തെന്നറിയാതെ അന്തംവിട്ടുനിന്നു. "ഇതുപറ്റില്ല. സംസാരിക്കുമ്പോൾ മലയാളത്തിൽ തന്നെ പറയണം". സജ്ന പരാതിപ്പെട്ടു.)

'ഇതാണ് പ്രശ്നം ദ്വീപിലാണെന്നു പറഞ്ഞിട്ടെന്താ ഇതാ ഇവർക്കൊന്നും ജസരി അറിയുകയേയില്ല' രണ്ടാം വർഷ മലയാളത്തിലെ നിഷിദാബീഗം അസീദയേയും സജ്നയേയും ചൂണ്ടിപ്പറഞ്ഞു. 'ഇതൊക്കെയെന്തിനാ ഇവിടെ പറയുന്നത്' രണ്ടാം വർഷ കെമിസ്ട്രിയിലെ ശരീഫ പറഞ്ഞു. 'അല്ല, പറയുമ്പോൾ എല്ലാം പറയണമല്ലോ' റഹ്മത്ത് ബീഗം ഇത്താത്തയെ പിന്താങ്ങി.

"നിലവാരമില്ലാത്ത അദ്ധ്യാപനവും ഉപരിപഠനത്തിനുള്ള അവസരക്കുറവും കാരണമാണ് ദ്വീപിൽ നിന്ന് കേരളത്തിലേക്ക് കപ്പൽ കയറിയത്." റഹ്മത്ത് പറഞ്ഞു. ദ്വീപിലാണെങ്കിൽ ദിനപത്രങ്ങൾ സമയത്തിനെത്താത്ത കാരണം പുറം ലോകവാർത്തകൾ അവിടത്തുകാർ അറിയാൻ വെകുന്നു. പിന്നെ കേരളത്തിലെ പഠനം നിന്നാൽ ആകെയുള്ള കടൽയാത്രയും നഷ്ടമായതുതന്നെ- നിഷിദ ചൂണ്ടിക്കാട്ടി.

"ക്ലാസ്സ് കട്ടിംഗ്, ബസ്സ് സ്ട്രൈക്ക് തുടങ്ങി പഠനത്തെ ബാധിക്കുന്ന യാതൊരു തടസ്സവും ദ്വീപിലുണ്ടാവാറില്ലെന്ന്" ഷരീഫ പറഞ്ഞു. എന്നാൽ ഇവിടത്തെപ്പോലെ സമൃദ്ധമായ ലൈബ്രറികളും, ഭാഷാപഠനവും ദ്വീപിലുണ്ടാവില്ലെന്നും ഷരീഫ കൂട്ടിച്ചേർത്തു. (ഇതു കേട്ട അസീദ ചോദിച്ചു. "എന്തിനാ നമ്മളിങ്ങനെ ഓരോന്നു പറഞ്ഞു നമ്മുടെ നാടിനെ മോശാക്കുന്നത്?" എല്ലാവരും ചിരിച്ചു; കൂടെ ഞങ്ങളും)

കേരളക്കാരെപ്പറ്റി ഇവർക്ക് പറയാൻ ഒത്തിരിയുണ്ട്. നല്ല സഹായ മനസ്കർ, പഠിക്കപ്പെടേണ്ട സ്വഭാവവും, സംസ്കാരവും, വിശ്വാസവും ജീവിതവും സ്വന്തമായുള്ളവർ വിദ്യാസമ്പന്നർ, വൃത്തിയുള്ളവർ, ശരാശരിക്കുമുകളിൽ ജീവിത നിലവാരമുള്ളവർ..... ഇങ്ങനെ പോകുന്നു കേരളക്കാരുടെ മഹത്വങ്ങൾ.

എന്നാൽ ഇത്രയും പാരവെപ്പും, അസൂയയും, പൊങ്ങച്ചവും, ദുർനടപ്പുമുള്ള നാട് ലോകത്തിൽ അത്യപൂർവ്വമായേ ഉണ്ടാകൂ എന്നും ചിലർ വ്യക്തമാക്കി.

കേരളത്തിലുള്ള പോലെ പട്ടിണിക്കാർ, പിച്ചക്കാർ, പക്ഷിവേട്ടക്കാർ, ബാറുടമകൾ, അന്ധമായ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവർ, സിനിമാ തിയേറ്ററുകൾ, പട്ടികൾ, പാമ്പുകൾ തുടങ്ങിയവയൊന്നും ദ്വീപിലില്ലെന്ന് ഇവർ ചൂണ്ടിക്കാട്ടി.

ഇസ്ലാമിക സംസ്കാരവും മുസ്ലിം ഭൂരിപക്ഷവുമുള്ള ദ്വീപുകളിൽ നോമ്പുകാലം, പെരുന്നാൾ, നബിദിനം, മുഹറം തുടങ്ങിയ വിശേഷ ദിവസങ്ങൾ ആഘോഷങ്ങളോടെയാണ് സംഘടിപ്പിക്കാറുള്ളത് എന്ന് ഒന്നാം വർഷ അറബിയിലെ സുൽഫിക്കർ ഓർമ്മിക്കുന്നു. ദ്വീപിലെ ഭൂരിപക്ഷം പെൺകുട്ടികൾക്കും സൈക്കിൾ സവാരി ചെയ്യാൻ കഴിയുമെന്ന് ഷരീഫ അഭിമാനപൂർവ്വം പറയുന്നു.

ദ്വീപിൽ നിന്നും പഠിക്കാൻ മിടുക്കരായ വിദ്യാർത്ഥികളുടെ എണ്ണം വരുംകാലങ്ങളിൽ കാമ്പസിൽ കുറയുമെന്ന് വേദനയോടെ തിരിച്ചറിയുന്ന കേരളക്കരയിലെ സുമനസ്കരായ വിദ്യാർത്ഥികൾ ഈ നഷ്ടം എങ്ങനെ നികത്താനാകുമെന്ന് ഉത്തരം കിട്ടാത്ത ചിന്തയിൽ മുഴുകുന്നു. നമുക്കും എന്തൊക്കെയോ നഷ്ടപ്പെടുമെന്ന് നാം തിരിച്ചറിയുന്നു.

വിശ്വസിക്കാൻ പറ്റിയ സുഹൃത്തുക്കളാണ് ചിലർക്ക് ദ്വീപുകാർ, അടിച്ചുപൊളിക്കാൻ പറ്റിയ കമ്പനികളാണ് മറ്റുള്ളവർക്ക് ഇക്കൂട്ടർ. ഇവരും കൂടെ പോയാൽ പിന്നെ കാമ്പസിന് എന്തുപറ്റുമെന്ന് ഉത്കണ്ഠയിലാണ് ഫാറൂഖാബാദിലെ ഓരോ പുൽക്കൊടിയും.